# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ




**2020 മെയ് - ജൂൺ**

# നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട

ഇടുക്കി രൂപതയുടെ പ്രഥമമെത്രാൻ

## അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ

## പിതാവിന്



കാഞ്ഞിരപ്പള്ളി രൂപതാകുടുംബത്തിന്റെ

# ആദരാഞ്ജലികൾ



# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLIV No. 5 - 6 മെയ് - ജൂൺ 2020

# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLIV No. 5 - 6 മെയ് – ജൂൺ 2020



| | |
|---|---|
| സർക്കുലർ | - 3 |
| സർക്കുലർ | - 5 |
| കച്ചേരിക്കാര്യം | - 7 |
| അനുസ്മരണം – ഫാ. ജോസ് തെക്കേൽ | - 19 |
| അനുസ്മരണം – ഫാ. ജോസ് പുത്തൻകടുപ്പിൽ | - 23 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - 28 |
| പൗരോഹിത്യാദ്ധ്യാത്മിക ധ്യാനചിന്തകൾ | - 29 |
| അജപാലനോത്തേജനവിഭാഗം | - 37 |
| വിശ്വാസജീവിതപരിശീലനരംഗം | - 38 |
| ചെറുപുഷ്പ മിഷൻലീഗ് | - 41 |
| ബൈബിൾ അപ്പോസ്തലേറ്റ് | - 42 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - 43 |
| മാതൃവേദി | - 45 |
| വൊക്കേഷൻ ബ്യൂറോ | - 46 |
| മരിയൻ റിട്രീറ്റ് സെന്റർ | - 47 |
| സന്യസ്തർ | - 49 |
| കെ.സി.എസ്.എൽ. | - 55 |
| കത്തോലിക്കാ കോൺഗ്രസ് | - 56 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - 61 |
| ഡി.സി.എം.എസ്. | - 64 |
| ഫ്രാൻസിസ്കൻ അല്മായസഭ | - 65 |
| വിൻസെൻഷ്യൻ വേദി | - 66 |
| വിമല പബ്ലിക്കേഷൻസ് | - 68 |
| Special Care Homes & Charitable institution | - 70 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - 71 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - 77 |
| രൂപതാവാർത്തകൾ | - 80 |
| **COLLECTION FROM THE PARISHES** | - 81 |

CL/No.6/2020

# സർക്കുലർ

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ,
സന്യസ്തരേ, സഹോദരങ്ങളേ,

വിശുദ്ധവാരത്തിന്റെ അനുഗ്രഹങ്ങളും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങളും സ്നേഹപൂർവ്വം ആശംസിക്കുന്നു. ഈശോയുടെ രക്ഷാകരരഹസ്യങ്ങളിൽ ഉൾച്ചേർന്നുകൊണ്ട് ആഴമായ പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ദിനങ്ങളിലൂടെയാണല്ലോ നാം കടന്നുപോകുന്നത്. കോവിഡ്-19 ന്റെ ഭയാശങ്കകളും ദുരിതങ്ങളും നമ്മെ അലട്ടുന്ന ഈ വേളയിൽ നമുക്ക് പൂർവ്വാധികം ദൈവത്തിൽ ആശ്രയിക്കാം.

മഹാമാരിയുടെ ഇന്നത്തെ സാഹചര്യത്തിൽ, നമ്മുടെ സഭയുടെ പിതാവും തലവനും കെ.സി.ബി.സി. അധ്യക്ഷനുമായ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവും സി.ബി.സി.ഐ. പ്രസിഡന്റ് കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് പിതാവും നിർദ്ദേശിച്ചതനുസരിച്ച് ഏപ്രിൽ 12 ഉയിർപ്പുഞായറാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും കുടുംബങ്ങളിലും പ്രത്യേക പ്രാർത്ഥനാശുശ്രൂഷ നടത്തേണ്ടതാണ്. ഇപ്പോഴത്തെ വേദനാജനകമായ സാഹചര്യത്തിൽ ഭാരതത്തിലെ കത്തോലിക്കാസമൂഹം ഒരേസമയം ഒരുമിച്ച് പ്രാർത്ഥിക്കുന്നത് തികച്ചും അനുഗൃഹീതമാകുമെന്നതിൽ സംശയമില്ല.

പ്രിയപ്പെട്ടവരേ, നിലവിലുള്ള പ്രത്യേക സാഹചര്യത്തിൽ എല്ലാവരും ഭവനങ്ങളിലായിരുന്ന് വിശുദ്ധവാരചെ

തന്യം പൂർണ്ണമായി ഉൾക്കൊണ്ട് തിരുക്കർമ്മങ്ങളിൽ സജീവമായി പങ്കുചേരുമല്ലോ. നമ്മുടെ നിസ്സഹായവസ്ഥയിലും നമ്മെ കരംപിടിച്ചു നയിക്കുന്ന ദൈവകരുണയിൽ പ്രത്യാശയർപ്പിക്കാം. ഉത്ഥിതനായ ഈശോ നമ്മെയെല്ലാം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

മാർ ജോസ് പുളിക്കൽ
കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

കാഞ്ഞിരപ്പള്ളി
09-04-2020

NB:

- ഉയിർപ്പുഞായറാഴ്ച നടത്തേണ്ട പ്രാർത്ഥനാശുശ്രൂഷക്രമം ഇതോടൊപ്പം നല്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചൻമാർ എല്ലാ ഭവനങ്ങളിലും വാട്സ്ആപ്പ്, ഫേസ്ബുക്ക് വഴി പങ്കുവയ്ക്കുകയും അത് കൃത്യമായി നിർവഹിക്കുവാനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുമല്ലോ.
- ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും പ്രാർത്ഥനാശുശ്രൂഷയ്ക്ക് 5 പേരിൽ കൂടുതൽ പങ്കെടുക്കാൻ പാടില്ലാത്തതാണ്.

CL/No.7/2020

# സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ,

പന്തക്കുസ്താ തിരുനാൾ അടുത്തുവരുകയാണല്ലോ. ഈ നാളുകളിൽ നമുക്ക് കൂടുതൽ തീക്ഷ്ണതയോടെ പ്രാർത്ഥനയിൽ ആയിരിക്കുവാൻ കഴിയട്ടെ. നമ്മുടെ ഇടവകയിലെ ദൈവജനത്തെയും ലോകത്തെ മുഴുവനും സമർപ്പിച്ച് പരിശുദ്ധ കുർബാനയർപ്പിക്കാനും പ്രാർത്ഥിക്കുവാനും ശ്രമിക്കാം. കോവിഡ് 19-ന്റെ വ്യാപനനാളുകളിൽ ഇടവകകളിലും സ്ഥാപനങ്ങളിലുമായിരുന്ന് നിങ്ങൾ ഓരോരുത്തരും ചെയ്യുന്ന ശുശ്രൂഷകൾ ശ്ലാഘനീയമാണ്. തുടർന്നും ജനങ്ങളുടെ ആവശ്യങ്ങളറിഞ്ഞ് അജപാലനശുശ്രൂഷകൾ ക്രിയാത്മകമായി നിർവ്വഹിക്കുവാൻ ശ്രമിക്കണം. പ്രവാസികൾ നാട്ടിലെത്തുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ ഇടവകതലങ്ങളിൽ ചെയ്യാവുന്ന സഹായങ്ങളെല്ലാം നല്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**പല വൈദികരും ആവശ്യപ്പെട്ട പ്രകാരം പ്രത്യേകം ശ്രദ്ധിക്കുവാനുള്ള ചില കാര്യങ്ങൾ സൂചിപ്പിക്കുന്നു.**

1. ഇടവകയിൽ പ്രതിനിധിയോഗം, പൊതുയോഗം എന്നിവ നടത്തി കണക്കുകൾ അവതരിപ്പിച്ചു പാസ്സാക്കുവാനോ തീരുമാനങ്ങൾ എടുക്കുവാനോ സാധിക്കാത്ത സാഹചര്യമാണ് ഇപ്പോഴുള്ളത്. എന്നാൽ ഇടവക കണക്കുകൾ മാർച്ച് 31 വരെയുള്ളത് Internal Auditors വഴി ഓഡിറ്റ് ചെയ്ത് കൃത്യമായി തയ്യാറാക്കി വയ്ക്കുവാൻ ശ്രദ്ധിക്കണം.

2. ലോക്ക്ഡൗൺ നിലവിലുള്ള ഇപ്പോഴത്തെ സാഹചര്യത്തിൽ വിവാഹം നടത്തേണ്ടിവരുമ്പോൾ വിളിച്ചുചൊല്ലൽ (വിവാഹഅറിയിപ്പ്), വിവാഹഒരുക്ക സെമിനാർ ഇവ അസാധ്യമായി വരുന്നതിനാൽ അതിന് ഒഴിവുകൾ നൽകാവുന്നതാണ്. എന്നാൽ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും മുൻകൂട്ടി അപേക്ഷ വാങ്ങി ഇടവകയിലെ രേഖാലയത്തിൽ സൂക്ഷിക്കേണ്ടതാണ്. അതോടൊപ്പം വികാരിയച്ചന്മാർ ഇക്കാര്യം രൂപതാകൂരിയായിൽ അറിയിക്കേണ്ടതുമാണ്.

3. ലോക്ക്ഡൗൺ നാളുകളിൽ വൈദികർ അവരുടെ അലവൻസ് പകുതിയായി (50%) കുറയ്ക്കുന്നത് പല ഇടവകകളിലും സഹായകമായിരിക്കുമെന്ന് ചില അച്ചൻമാർ അഭിപ്രായപ്പെടുകയുണ്ടായി. എന്നാൽ ഇക്കാര്യത്തിൽ രൂപതയിൽ നിന്ന് ഒരു പൊതുതീരുമാനമെടുക്കുന്നത് അഭികാമ്യമാണെന്നു കരുതുന്നില്ല. അതുകൊണ്ട് ഇതു സംബന്ധിച്ച് ഓരോ വൈദികനും വ്യക്തിപരമായിട്ടും ഇടവകയുടെ സാഹചര്യം മനസ്സിലാക്കിയും ഉചിതമായ തീരുമാനം സ്വീകരിക്കാവുന്നതാണ്.

പ്രിയപ്പെട്ട അച്ചന്മാരേ, നമുക്ക് പരസ്പരം പ്രാർത്ഥിച്ച് ശക്തി സംഭരിക്കാം. സ്നേഹത്തോടും കരുതലോടും കൂടി നമ്മുടെ അജപാലനശുശ്രൂഷകൾ കാര്യക്ഷമമായി തുടരാം.  ഈ ലോക്ക്ഡൗൺ നാളുകളിൽ സാധിക്കുന്നവിധത്തിലെല്ലാം നമ്മുടെ ഇടവകയിലെ ദൈവജനവുമായി ക്രിയാത്മകബന്ധങ്ങൾ പുലർത്തിക്കൊണ്ട് അവരെ വിശ്വാസത്തിൽ പരിപോഷിപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ. പ്രാർത്ഥനയിൽ എല്ലാ അച്ചന്മാരെയും സ്നേഹപൂർവ്വം സ്മരിക്കുന്നു.

ഏവർക്കും ദൈവാനുഗ്രഹങ്ങൾ ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹത്തോടെ,

മാർ ജോസ് പുളിക്കൽ
കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

കാഞ്ഞിരപ്പള്ളി
12-05-2020

# കച്ചേരിക്കാര്യം

**വാർഷിക കണക്ക് അവതരണവും കൈക്കാരന്മാരെ തിരഞ്ഞെടുക്കലും ലോക്ക്ഡൗൺ സാഹചര്യത്തിൽ**

സാധാരണ രീതിയിൽ പള്ളിയുടെ കണക്കുകൾ വാർഷികപൊതുയോഗത്തിൽ അവതരിപ്പിച്ച് പാസ്സാക്കിയതിനുശേഷമാണ് രൂപതാ ഫൈനാൻസ് ഓഫീസിൽ ഓഡിറ്റിനായി കൊണ്ടുവരുന്നത്. എന്നാൽ കോവിഡ് ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ പൊതുയോഗം കൂടുവാൻ ഉടനെ സാധിക്കുകയില്ലല്ലോ. സെപ്റ്റംബറിൽ income tax return സമർപ്പിക്കുവാൻ എല്ലാ പള്ളികളും നിർബന്ധിതരാണ്. ഈ സാഹചര്യത്തിൽ ഈ വർഷം പൊതുയോഗത്തിലോ പ്രതിനിധിയോഗത്തിലോ അവതരിപ്പിക്കാതെ തന്നെ, ഇന്റേണൽ ഓഡിറ്റേഴ്സ് പരിശോധന നടത്തി അവരുടെ റിപ്പോർട്ടു സഹിതം കണക്കുകൾ നിശ്ചയിക്കപ്പെട്ടിരിക്കുന്ന തീയതികളിൽ രൂപതാ ഫൈനാൻസ് ഓഫീസിൽ ഓഡിറ്റിനായി കൊണ്ടുവരേണ്ടതാണ്. എന്നിരുന്നാലും പ്രതിനിധിയോഗം/പൊതുയോഗം ഇവ കൂടുവാൻ സാഹചര്യം ഉണ്ടാകുമ്പോൾ കണക്കുകൾ യോഗത്തിൽ അവതരിപ്പിച്ച് ഇടവകാംഗങ്ങളെ കണക്കുകൾ ബോധ്യപ്പെടുത്തേണ്ടതാണ്.

പ്രതിനിധിയോഗം/പൊതുയോഗം ഇവ സമ്മേളിക്കുവാൻ സാഹചര്യമില്ലാത്തതിനാൽ കൈക്കാരന്മാർ, ഇന്റേണൽ ഓഡിറ്റർമാർ ഇവരെ തിരഞ്ഞെടുക്കുവാൻ ബുദ്ധിമുട്ടുണ്ടല്ലോ. ആയതിനാൽ അടുത്ത ആറുമാസത്തേയ്ക്ക് നിലവിലുള്ള കൈക്കാരന്മാർ തൽസ്ഥാനത്ത് തുടരുവാൻ അനുവദിക്കുന്നു. എന്നാൽ അതിനു മുൻപുതന്നെ ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ മാറ്റിയാൽ പ്രതിനിധിയോഗം/പൊതുയോഗം ഇവ കൂടി പുതിയ കൈക്കാരന്മാരേയും ഇന്റേണൽ ഓഡിറ്റേഴ്സിനെയും തിരഞ്ഞെടുക്കേണ്ടതാണ്.

## മേജർ സെമിനാരി പരിശീലനം ഇടവകയിൽ

വിവിധ സെമിനാരികളിൽനിന്നും ലഭിച്ചിരിക്കുന്ന നിർദ്ദേശമനുസരിച്ച് ഇപ്പോഴുള്ള സാഹചര്യത്തിൽ നമ്മുടെ വൈദികവിദ്യാർത്ഥികൾക്ക് അവരുടെ മേജർസെമിനാരികളിലേയ്ക്ക് ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ തിരികെപോകാനാവില്ല. എന്നിരുന്നാലും എല്ലാ മേജർസെമിനാരികളിലും ബൗദ്ധികവും, ആത്മീയവും, മാനുഷികവും, അജപാലനപരവുമായ പരിശീലനം ജൂൺമാസം 1-ാം തീയതി മുതൽതന്നെ ആരംഭിക്കുകയാണ്. ഇതിനായി അതാത് ഇടവകവൈദികരുടെ നിർലോഭമായ സഹകരണം പ്രതീക്ഷിക്കുന്നു. സിനഡൽ കമ്മീഷൻ സെമിനാരി റെക്ടർമാരുമായി ചർച്ച ചെയ്ത് തീരുമാനിച്ചതനുസരിച്ച് നമ്മുടെ രൂപതയിലെ വൈദികവിദ്യാർത്ഥികൾക്ക് On-line ക്ലാസ്സുകളിലും മറ്റ് പരിശീലനപരിപാടികളിലും തടസ്സം കൂടാതെ പങ്കെടുക്കുന്നതിന് അവർ അതാത് ഇടവകവികാരിയച്ചൻമാരുടെ മേൽനോട്ടത്തിലായിരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. അതനുസരിച്ച് വൈദികവിദ്യാർത്ഥികൾക്ക് ജൂൺ 1 മുതൽ വികാരിയച്ചനോടൊപ്പം വി. കുർബാനയർപ്പിക്കുന്നതിനും തുടർന്ന് പള്ളിമുറിയിലായിരുന്നുകൊണ്ട് ഓൺലൈൺക്ലാസ്സുകളിലും മറ്റ് പരിശീലനപരിപാടികളിലും പങ്കെടുക്കുന്നതിന് സൗകര്യം നൽകേണ്ടതാണ്. കൂടാതെ വി. ഗ്രന്ഥവായന, ആത്മീയഗ്രന്ഥപാരായണം, ധ്യാനം, യാമപ്രാർത്ഥനകൾ, ജപമാല തുടങ്ങിയ ആത്മീയകർമ്മങ്ങൾ മുടക്കമില്ലാതെ നടത്തുന്നുവെന്ന് വികാരിയച്ചന്മാർ ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്. സെമിനാരികളിൽനിന്നും ലഭിക്കുന്ന ബൗദ്ധികപരിശീലനത്തിലെ എല്ലാ Work-കളും ചെയ്യുന്നതിന് അവരെ ഉത്ബോധിപ്പിക്കുകയും അതിനുവേണ്ട സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യുമല്ലോ.

അതാത് സെമിനാരികളിൽനിന്നും നൽകിയിരിക്കുന്ന നിശ്ചിതസമയത്തിനുശേഷം (ഉച്ചകഴിഞ്ഞോ/വൈകുന്നേരമോ) ശെമ്മാശന്മാരെ അവരുടെ ഭവനങ്ങളിലേയ്ക്ക് തിരികെ അയക്കാവുന്നതാണ്. അവരുടെ ഭക്ഷണകാര്യങ്ങൾ അവർ സ്വന്തം ഭവനങ്ങളിൽ തന്നെ ക്രമീകരിക്കുന്നതാണ്. ഇടവകയിലെ വൈദികവിദ്യാർത്ഥികളുടെ രൂപീകരണം സംബന്ധിച്ചുള്ള വിലയിരുത്തലുകൾ രൂപതാകേന്ദ്ര

ത്തിൽ അറിയിക്കുവാനും ശ്രദ്ധിക്കണം. രൂപതാ കേന്ദ്രത്തിൽനിന്നും സെമിനാരികളിൽനിന്നും പരിശീലകർ സൗകര്യമനുസരിച്ച് വൈദികവിദ്യാർത്ഥികളെ സന്ദർശിക്കുവാനും വികാരിയച്ചന്മാരുടെ നിർദേശങ്ങൾ സ്വീകരിക്കുവാനും എത്തുന്നതായിരിക്കും.

## Appointments

### Rev. Frs.

| | | |
|---|---|---|
| Boby Alex Mannamplackal | - | Syncellus in charge of the Departments of the Eparchy |
| Thekkemuriyil Augustine (Jobin T. James) | - | Principal, Citadel Residential School, Ranni |
| Vaniyapurackal Mathew (Joshy) | - | Principal, St. Antony's Public School, Anakkallu |
| Puttumannil Manuel | - | Director, Sahiyadri Ayurveda Pharmaceuticals, Hospital and Training Centre, Pothupara and the Joint Director, Peermade Development Society (PDS) |
| Chirackal Varghese | - | Defender of the Bond, Eparchial Matrimonial Tribunal |

### Relieved

| | | |
|---|---|---|
| Maniyakkupara Sunny Kuruvila | - | Principal, St. Antony's Public School, Anakkallu, (on Sabbatical leave) |
| Thekkemuriyil Augustine (Jobin T. James) | - | Vice Principal, Citadel Residential School, Ranni |
| Vaniyapurackal Mathew (Joshy) | - | Principal, Citadel Residential School, Ranni |
| Puttumannil Manuel | - | Assistant Director, Peermade Development Society (PDS) |

# 2019 – 2020 സാമ്പത്തികവർഷത്തിലെ പള്ളിക്കണക്കുകൾ രൂപതാക്കച്ചേരിയിൽ സമർപ്പിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ

*കൈക്കാരന്മാർ, കണക്കൻ, ഇന്റേണൽ ഓഡിറ്റേഴ്സ് എന്നിവരെ ഇവ അറിയിച്ചു വേണ്ട നിർദ്ദേശങ്ങൾ നല്കേണ്ടതാണ്.*

1. പള്ളിക്കണക്കുകൾ രൂപതാക്കച്ചേരിയിൽ ഹാജരാക്കുമ്പോൾ ഇവിടെ അടയ്ക്കേണ്ട വിഹിതം, പിരിവുകൾ തുടങ്ങിയവ സംബന്ധിച്ച് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ കത്തു കൊടുത്തുവിടേണ്ടതാണ്.

2. നിയമാനുസൃതം വിളിച്ചുകൂട്ടിയ ഇടവകയോഗം പാസ്സാക്കിയ കണക്കുകൾ മാത്രമേ രൂപതാക്കച്ചേരിയിൽ സ്വീകരിക്കുകയുള്ളൂ.

3. കണക്കുകൾ യോഗത്തിൽ സമർപ്പിക്കുന്നതിനു മുൻപായി നിയമാനുസൃതം തെരഞ്ഞെടുത്ത ഇന്റേണൽ ഓഡിറ്റർമാർ കണക്കുകൾ ഓഡിറ്റു ചെയ്തിരിക്കേണ്ടതാണ്. അവരുടെ ഓഡിറ്റുറിപ്പോർട്ടും സ്റ്റേറ്റുമെന്റും അതിനെ സംബന്ധിച്ച കൈക്കാരന്മാരുടെ വിശദീകരണവും ആണ്ടുതിരട്ടോടുകൂടി യോഗത്തിൽ വായിച്ചിരിക്കണം.

4. ആണ്ടുതിരട്ട് പാസ്സാക്കുന്നതോടുകൂടെ അടുത്ത സാമ്പത്തികവർഷത്തേക്കുള്ള കൈക്കാരന്മാരുടേയും ഇന്റേണൽ ഓഡിറ്റർമാരുടേയും തെരഞ്ഞെടുപ്പ് നടത്തിയിരിക്കണം.

5. രൂപതാക്കച്ചേരിയിൽനിന്ന് അംഗീകാരം കിട്ടിയതിനുശേഷം മാത്രമേ കൈക്കാരന്മാരും ഓഡിറ്റർമാരും ജോലിയിൽ പ്രവേശിക്കാവൂ.

6. ഇടവകപ്പള്ളിയിലെ പൊതുക്കണക്കിൽ ഉൾപ്പെടുത്താത്ത കുരിശുപള്ളികളുടെ കണക്കുകൾ, ഇടവകയിൽനിന്നു നേരിട്ടു നടത്തുന്ന വികസനപദ്ധതികളെ സംബന്ധിച്ച കണക്കുകൾ, നിർമ്മാണ കണക്കുകൾ എന്നിവ പള്ളിയുടെ പൊതുക്കണ

ക്കിനോടൊപ്പം ഇന്റേണൽ ഓഡിറ്റേഴ്സ് ഓഡിറ്റു ചെയ്യേണ്ടതും പൊതുക്കണക്കിനോടൊപ്പം ആണ്ടുതിരട്ടുയോഗത്തിൽ പാസ്സാക്കി രൂപതാക്കച്ചേരിയിൽ സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള പ്രത്യേക കണക്കുകൾ ഇതുവരെ രൂപതക്കച്ചേരിയിൽ പാസ്സാക്കിയിട്ടില്ലെങ്കിൽ പ്രസ്തുത കണക്കിന്റെ തുടക്കം മുതൽ 2020 മാർച്ച് 31 വരെയുള്ള കണക്കുകൾ മേൽപ്പറഞ്ഞവിധം തയ്യാറാക്കി ഈ വർഷത്തെ ആണ്ടുതിരട്ടിനോടൊപ്പം ഇവിടെ സമർപ്പിക്കണം. കെട്ടിടംപണി, പദ്ധതികൾ മുതലായവ പൂർത്തീകരിച്ചാലും ഇല്ലെങ്കിലും 2020 മാർച്ച് 31 വരെയുള്ള അവയുടെ കണക്കുകൾ മേൽപ്പറഞ്ഞ വിധം രൂപതാക്കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.

7. ആണ്ടുതിരട്ടു തയ്യാറാക്കുന്നതിനു മുൻപായി സ്ഥിരനിക്ഷേപരസീതുകൾ, പാസ്സ്ബുക്കുകൾ എന്നിവ ബാങ്കിൽ കൊടുത്ത് സാമ്പത്തികവർഷാവസാനംവരെയുള്ള ഇടപാടുകൾ പതിപ്പിക്കുകയും 31.03.2020 ലെ Bank Balance Confirmation Certificate വാങ്ങി അതനുസരിച്ച് കണക്കുകൾ ക്രമപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

8. പൊതുക്കണക്കിന്റെ പേരേടിൽ പള്ളിക്ക് ഈ സാമ്പത്തികവർഷാവസാനംവരെയുള്ള എല്ലാ കടബാധ്യതയുടെയും പൂർണ്ണവിവരം രേഖപ്പെടുത്തിയിരിക്കണം.

9. പള്ളിയുടെ ബാലൻസ്ഷീറ്റിൽ കാണുന്ന ആസ്തിബാദ്ധ്യതകൾ പൊതുക്കണക്കുമായി ഒത്തുനോക്കി വ്യത്യാസമുണ്ടെങ്കിൽ അവ ഈ സാമ്പത്തികവർഷത്തെ ആണ്ടുതിരട്ടു തയ്യാറാക്കുമ്പോൾ ശരിയാക്കേണ്ടതാണ്.

10. മുൻവർഷങ്ങളിലെ ഓഡിറ്റു റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങളും രൂപതാക്കച്ചേരിയിൽ കണക്കു പരിശോധിച്ചപ്പോൾ നല്കിയ നിർദ്ദേശങ്ങളും നമ്മുടെ ചാർട്ടേർഡ് അക്കൗണ്ടന്റ് ക്ലാസ്സ് എടുത്തപ്പോൾ നല്കിയ നിർദ്ദേശങ്ങളും പ്രത്യേകം പഠിച്ച് ആണ്ടുതിരട്ട് തയ്യാറാക്കുക.

11. രൂപതാക്കച്ചേരിയിലേക്ക് സമർപ്പിക്കുന്ന എല്ലാ റിക്കാർഡുക

ളിലും സ്റ്റേറ്റുമെന്റുകളിലും റിപ്പോർട്ടിലും ബഹുമാനപ്പെട്ട വികാരിയച്ചന്റെ ഒപ്പുണ്ടായിരിക്കേണ്ടതാണ്.

12. രൂപതാക്കച്ചേരിയിൽ കണക്കു സമർപ്പിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന തീയതിക്ക് 7 ദിവസം മുൻപ് ആണ്ടുതിരട്ട് പാസാക്കിയിരിക്കേണ്ടതാണ്.

## രൂപതാക്കച്ചേരിയിൽ കണക്കുകൾ സമർപ്പിക്കുമ്പോൾ കൊണ്ടുവരേണ്ട റിക്കാർഡുകൾ

1. പൊതുക്കണക്കിന്റെ നാൾവഴി, പേരേട്, തിരട്ട്.
2. കൃഷിക്കണക്കിന്റെ നാൾവഴി, പേരേട്, തിരട്ട്.
3. പള്ളിയുടെ പൊതുക്കണക്കിൽപ്പെടാത്ത പ്രത്യേക കണക്കുകളുണ്ടെങ്കിൽ അവയുടെ നാൾവഴി, പേരേട്, തിരട്ട്.
4. ആണ്ടുതിരട്ടിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ.
5. ബാങ്കു പാസ്സ് ബുക്കുകൾ, ഡിപ്പോസിറ്റ് രസീതുകൾ (31.03.2020 വരെയുള്ള ഇടപാടുകൾ രേഖപ്പെടുത്തിയത്)
6. തന്നാണ്ടു പുതുക്കിയ മുറിച്ചാർത്ത്.
7. നിത്യക്കുർബാനധർമ്മം, സ്കോളർഷിപ്പ്ഫണ്ടുകൾ മുതലായവ എഴുതിസൂക്ഷിക്കുന്ന രജിസ്റ്റർ, തന്നാണ്ട് അതിന്റെ ബാധ്യതകൾ നിറവേറ്റിയതിന് ബഹുമാനപ്പെട്ട വികാരിയച്ചന്റെ സാക്ഷിപ്പ്.
8. ആണ്ടുതിരട്ടും ബഡ്ജറ്റും പാസ്സാക്കിയ പൊതുയോഗനിശ്ചയത്തിന്റെ സാക്ഷ്യപ്പെടുത്തിയ രണ്ടു കോപ്പികൾ.
9. ഇന്റേണൽ ഓഡിറ്റുറിപ്പോർട്ടും അതിനെപ്പറ്റി കൈക്കാരന്റെ വിശദീകരണമടങ്ങുന്ന ഓഡിറ്റ് റിപ്പോർട്ട് ബുക്കും തന്നാണ്ടത്തെ ഓഡിറ്റു റിപ്പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു കോപ്പിയും.
10. ഇന്റേണൽ ഓഡിറ്റേഴ്സ് പൂരിപ്പിക്കുന്ന സ്റ്റേറ്റ്മെന്റിന്റെ ഒരു കോപ്പി.
11. നിയമാനുസൃതം പാസ്സാക്കിയ 2020-2021 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിന്റെ സാക്ഷ്യപ്പെടുത്തിയ രണ്ടു കോപ്പികൾ.
12. ഇടവകയിലെ തൻവർഷത്തെ പ്രവർത്തനറിപ്പോർട്ട്.

13. പള്ളിവക സ്ഥാവരവസ്തുക്കളുടെ ആധാരത്തിന്റെ കോപ്പികൾ (രൂപതാക്കച്ചേരിയിൽ ഇതുവരെ ഏല്പിച്ചിട്ടില്ലാത്തവ).
14. 2019-20 വർഷത്തെ കരം അടച്ച രസീതിന്റെ /രേഖയുടെ കോപ്പി.
15. 31.03.2020 ലെ Bank Balance Confirmation Certificate (F.D A/cs., S.B.A/cs.,m Loan A/cs. etc. )

NB:

1. രൂപതാക്കച്ചേരിയിൽ കണക്കു സമർപ്പിക്കുന്നതിന് ഓരോ ഇടവകയ്ക്കും നിശ്ചയിച്ചിട്ടുള്ള തീയതി താഴെക്കൊടുക്കുന്നു.
2. ബഡ്ജറ്റ്, ഇടവകറിപ്പോർട്ട്, ഇന്റേണൽ ഓഡിറ്റേഴ്സ് സ്റ്റേറ്റ്മെന്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള ഫോറങ്ങൾ രൂപതാക്കച്ചേരിയിൽ നിന്ന് ഏപ്രിൽ ബുള്ളറ്റിനോടൊപ്പം എത്തിക്കുന്നതാണ്.

| Name of Church | Date | Time |
|---|---|---|
| Kanjirappally St.Dominic's Cathedral | 25.07.20 | P.M. |
| Alampally St.Dominic's | 24.06.20 | A.M. |
| Amalagiri St.Thomas | 24.06.20 | A.M. |
| Amaravathy St.Josephs | 19.06.20 | A.M. |
| Anakallu St.Antonys | 18.07.20 | P.M. |
| Anakkara St.Thomas Forane | 15.06.20 | A.M. |
| Anavilasam St.George | 15.07.20 | A.M. |
| Anchilippa St.Pius X | 29.06.20 | P.M. |
| Angelvalley St.Marys | 13.07.20 | P.M. |
| Anickadu St.Marys | 27.06.20 | P.M. |
| Aniyartholu St.Thomas | 15.07.20 | A.M. |
| Arayanjalmannu St.Joseph | 07.07.20 | P.M. |
| Azhangadu St.Antonys | 18.06.20 | A.M. |
| Bethany Hills St.Marys | 16.07.20 | A.M. |
| Chakkupallom Carmel Matha | 16.06.20 | A.M. |
| Chamampathal Fathima Matha | 23.06.20 | P.M. |
| Chellarcoil Mar Sleeva | 02.06.20 | A.M. |

| | | |
|---|---|---|
| Chemmannu St.Thomas | 16.07.20 | A.M. |
| Chembalam St.Marys | 01.06.20 | A.M. |
| Chempanoly St.Sebastians | 01.07.20 | A.M. |
| Chengalam St.Antonys | 24.06.20 | P.M. |
| Cheenkalthadam(Mailapara)St.Josephs | 17.07.20 | P.M. |
| Chenkal Sacred Heart | 09.06.20 | P.M. |
| Chennakunnu St.George | 26.06.20 | P.M. |
| Cheruvallikulam St.George | 13.06.20 | P.M. |
| Cheruvally St.Marys | 29.05.20 | P.M. |
| Chinnar St.George | 09.07.20 | P.M. |
| Chottupara St.Gianna | 13.07.20 | A.M. |
| Cumbummettu St.Josephs | 14.07.20 | A.M. |
| Edakunnam Velankanni Matha | 06.06.20 | P.M. |
| Edamon St.Marys | 16.06.20 | P.M. |
| Elamgulam St.Marys | 30.05.20 | A.M. |
| Elangoi Holy Cross | 02.06.20 | P.M. |
| Elappara St.Alphonsa | 04.07.20 | A.M. |
| Elikulam Infant Jesus | 15.06.20 | PM. |
| Elivalikara St.Antonys | 10.07.20 | A.M. |
| Eruthuapuzha Infant Jesus | 15.07.20 | P.M. |
| Erumely Assumption Forane | 06.06.20 | P.M. |
| Grace Mount Grace Matha | 01.06.20 | A.M. |
| Greenvalley Infant Jesus | 21.07.20 | A.M. |
| Inchiyani Holy Family | 09.07.20 | P.M. |
| Kalthotty Holy Family | 13.07.20 | A.M. |
| Kanamala St.Thomas | 10.06.20 | P.M,. |
| Kanayankavayal St.Marys | 10.07.20 | A.M. |
| Kanchiyar St.Marys | 20.06.20 | A.M. |
| Kannampally St.Marys | 06.06.20 | A.M. |
| Kannimala St.Josephs | 30.05.20 | P.M. |
| Kappadu Holy Cross | 25.06.20 | P.M. |
| Karikattoor St.Antonys | 18.06.20 | P.M. |
| Karikulam Fathima Matha | 11.07.20 | P.M. |
| Karunapuram St.Marys | 11.06.20 | A.M. |
| Kattappana St.George Forane | 06.07.20 | A.M. |

| | | |
|---|---|---|
| Keerikara St.Antonys | 20.07.20 | P.M. |
| Kizhakkemattukatta St.Thomas | 23.07.20 | A.M. |
| Kochera St.Josephs | 01.06.20 | A.M. |
| Kochuthovala St.Josephs | 05.06.20 | A.M. |
| Kollamula St.Maria Goretti | 20.06.20 | P.M. |
| Konni St.Jude | 08.07.20 | A.M. |
| Koovappally St.Josephs | 05.06.20 | P.M. |
| Koothattukulam Assumption | 09.07.20 | P.M. |
| Koratty Puthenpalli St.Josephs | 29.05.20 | P.M. |
| Koruthodu St.George | 13.06.20 | P.M. |
| Kozhencherry Holy Family | 20.07.20 | A.M. |
| Kumily(Attapallom)St.Thomasl | 30.06.20 | A.M. |
| Kunnumbhagom St.Josephs | 18.06.20 | P.M. |
| Kurumpanmoozhy St.Thomas | 19.06.20 | PM. |
| Kuttikanam St.Mathew | 25.07.20 | A.M. |
| Kuzhitholu St.Sebastians | 04.06.20 | A.M. |
| Madukka St.Mathews | 27.06.20 | P.M. |
| Mangappara Nityasahaya Matha | 16.07.20 | P.M. |
| MangapettaSt.Thomas | 13.07.20 | P.M. |
| Manipuzha Christ Raj | 04.07.20 | P.M. |
| Mariagiri St.Sebastian | 29.06.20 | A.M. |
| Marykulam St.George | 10.06.20 | A.M. |
| Meenkuzhy Little Flower | 09.07.20 | P.M. |
| Melorem St.Sebastians | 17.06.20 | A.M. |
| Meppara Lourdu Matha | 06.07.20 | A.M. |
| Mlamala Fathima Matha | 29.06.20 | A.M. |
| Mukkoottuthara St.Thomas | 11.07.20 | P.M. |
| Mukkulam St.George | 11.06.20 | P.M. |
| Mulamkunnu Infant Jesus | 06.07.20 | P.M. |
| Mundakayam Our Lady of Dolours Forane | 22.06.20 | P.M. |
| Mundakayam St.John Paul II | 09.06.20 | P.M. |
| Mundiyeruma Assumption | 08.06.20 | A.M. |
| Murinjapuzha(Christunagar)St.George | 15.06.20 | A.M. |
| Nallathanny Holy Family | 23.07.20 | P.M. |

| | | |
|---|---|---|
| Nariampara Holy Cross | 09.06.20 | A.M. |
| Nasranipuram St.Mathews | 26.06.20 | A.M. |
| Nettithozhu St.Isidor | 16.06.20 | A.M. |
| Neyyattusserry St.George | 04.06.20 | P.M. |
| Nilackal Thulappally Mar Thoma Sleeha | 02.07.20 | P.M. |
| Niravu St.Marys | 30.06.20 | P.M. |
| Nirmalagiri St.Antonys | 02.07.20 | A.M. |
| Nirmalapuram Holy Family | 15.07.20 | A.M. |
| Padanilam St.Sebastians | 10.06.20 | P.M. |
| Palampra Gathsemene | 17.07.20 | P.M. |
| Palapra Vimala Matha | 21.07.20 | P.M. |
| Paloorkavu St.George | 12.06.20 | P.M. |
| Pampadumpara St.George | 22.06.20 | A.M. |
| Panapilavu St.Josephs | 25.06.20 | A.M. |
| Pathanamthitta Mary Matha Forane | 17.07.20 | A.M. |
| Pazhayakoratty St.Marys | 26.06.20 | A.M. |
| Pazhayidom St.Michaels | 03.06.20 | P.M. |
| Peermedu St.Marys | 10.07.20 | P.M. |
| Periyar Vallakadavu St.Josephs | 23.06.20 | A.M. |
| Perunadu St.Jude | 16.07.20 | A.M. |
| Perumthenaruvi St.Josephs | 22.7.20 | P.M. |
| Peruvanthanam St.Josephs | 22.6.20 | A.M. |
| Pezhumpara Sacred Heart | 23.6.20 | P.M. |
| Placherry Fathima Matha | 01.07.20 | P.M. |
| Podimattam St.Marys | 17.06.20 | P.M. |
| Ponkunnam Holy Family Forane | 08.06.20 | P.M. |
| Poomattam St.Thomas | 18.07.20 | A.M. |
| Pulinkatta St.George | 12.06.20 | A.M. |
| Pulianmala St.Antonys | 11.07.20 | A.M. |
| Pullanithakady St.Ritas | 21.07.20 | P.M. |
| Pullikanam St.Thomas | 20.06.20 | A.M. |

| | | |
|---|---|---|
| Punchavayal St.Sebastians | 27.06.20 | A.M. |
| Purakayam St.Josephs | 13.06.20 | P.M. |
| Puttady Velankanni Matha | 04.07.20 | A.M. |
| Rajagiri Christu Raj | 05.06.20 | A.M. |
| Ramakalmettu Sacred Heart | 03.06.20 | A.M. |
| Ranni Infant Jesus Forane | 25.06.20 | P.M. |
| Santhigiri St.George | 08.06.20 | A.M. |
| Sanyasioda Infant Jesus | 01.07.20 | A.M. |
| Seethathodu St.George | 18.07.20 | P.M. |
| Swaraj St.Pauls | 07.07.20 | A.M. |
| Thachapuzha St.Marys | 14.07.20 | P.M. |
| Thamarakunnu St.Ephrems | 08.07.20 | P.M. |
| Thampalakadu St.Thomas | 08.07.20 | P.M. |
| Tharakanattukunnu St.Antonys | 12.06.20 | P.M. |
| Thekkemala St.Marys | 02.06.20 | P.M. |
| Third Camp St.Josephs | 17.06.20 | A.M. |
| Uluppooni St.Alphonsa | 22.07.20 | A.M. |
| Umikuppa Lourdu Matha | 02.06.20 | A.M. |
| Upputhara St.Marys Forane | 29.05.20 | A.M. |
| Vadakkemala St.Sebastians | 02.07.20 | P.M. |
| Vakayar Infant Jesus | 08.07.20 | P.M. |
| Valiathovala Christ Raj | 19.06.20 | A.M. |
| Vallakadavu St.Antonys | 30.05.20 | A.M. |
| Vanchimala St.Antonys | 11.06.20 | P.M. |
| Vandanmmedu St.Antonys | 07.07.20 | A.M. |
| Vandanpathal St.Pauls | 03.06.20 | P.M. |
| Vechoochria St.Josephs | 14.07.20 | P.M. |
| Velichiyani St.Thomas | 30.06.20 | P.M. |
| Vellaramkunnu St.Marys | 20.07.20 | A.M. |
| Wallardy Holy Cross | 04.06.20 | A.M. |
| Yendayar St.Jude | 13.06.20 | P.M. |

**Chapels/Shrines/Mission Stations etc.**

| | | |
|---|---|---|
| Anakuthymedu St.George,Kattappana | 06.07.20 | A.M. |
| 116 Colony St.Thomas, Koruthodu | 13.06.20 | P.M. |
| Anachari St.Marys, Peruvanthanam | 22.06.20 | A.M. |
| Kalaketty St.Martin de Porus Shrine | 27.07.20 | A.M. |
| Karithodu St.Josephs,Erumely | 27.07.20 | P.M. |
| Kayyoori St.Sebastins, Anickadu | 28.07.20 | A.M. |
| Kizhakkechemmannu St.George, Chemmannu | 16.07.20 | A.M. |
| Koinad St.Antonys, Kanayakavayal | 10.07.20 | A.M. |
| Kochukavu St.Thomas, Elikulam | 15.06.20 | P.M. |
| Manjookulam Sacred Heart, Kappad | 25.06.20 | P.M. |
| Manthara St.Antonys Pilgrimage Centre | 28.07.20 | P.M. |
| Mettukuzhy Velamkanni Matha ,Kattappana | 24.07.20 | A.M. |
| Pachakadu St.Jude,Mlamala | 29.06.20 | A.M. |
| Parumthumala St.Josephs,Thamarakunnu | 24.07.20 | P.M. |
| Sleevamount Mar Sleeva, Keerikara | 20.07.20 | P.M. |
| Thengumpally Infant Jesus | 29.07.20 | A.M. |
| Valakayam St.George | 29.07.20 | P.M. |
| Pious Mount Valiathovala | 19.06.20 | A.M. |

---

കോവിഡ് ലോക്ക്ഡൗൺ കാരണം 2020 ഏപ്രിൽ മാസത്തെ (Vol. XLIV No. 4) രൂപതാബുള്ളറ്റിൻ Online ആയാണ് പ്രസിദ്ധീകരിച്ചത്. അതിന്റെ പ്രിന്റഡ് കോപ്പി ലഭിക്കുന്നതല്ല. മെയ് - ജൂൺ ലക്കം ബുള്ളറ്റിൻ ഒരുമിച്ച് പ്രസിദ്ധീകരിച്ചിരിക്കുന്നു.

എഡിറ്റർ

# ഫാ. ജോസ് തെക്കേൽ
# അനുസ്മരണം



ദൈവപിതാവു നൽകിയ സഹനത്തിന്റെ കാസയുമായി കാൽവരി കയറിയ മിശിഹാ അവിടെ സഹനബലി പൂർത്തിയാക്കി. ഒടുവിൽ ഉയിർപ്പിന്റെ പുലരിയിൽ എല്ലാ സഹനാനുഭവങ്ങളെയും അവൻ മഹത്വീകൃതമാക്കി. സഹനത്തിന്റെ കാൽവരി കയറിയ തെക്കേൽ ജോസച്ചനും ഉത്ഥിതന്റെ പ്രഭയിൽ നിത്യമഹത്വത്തിലേക്ക് സ്വീകരിക്കപ്പെട്ടിരിക്കുന്നു. രോഗക്കിടക്കയെ ബലിപീഠമാക്കി ജീവിതബലി പൂർത്തിയാക്കിയ ജോസച്ചന്റെ ആത്മാവ് ഉത്ഥിതനിൽ വിലയം പ്രാപിച്ചിരിക്കുന്നു. നീണ്ട പതിനൊന്നു വർഷങ്ങൾ... കടന്നുവന്ന വേദനകളോരോന്നിനെയും പുഞ്ചിരിയോടെ സ്വാഗതം ചെയ്തു... ശരീരത്തിന്റെ ഓരോയിടങ്ങളും മുറിക്കപ്പെടുമ്പോൾ പരിഭവങ്ങളില്ലാതെ സഹിച്ചു... മരണനിമിഷങ്ങൾ തൊട്ടും തലോടിയും കൂടെ നിന്നപ്പോൾ ഭയമില്ലാതെ ദൈവത്തിന്റെ കരുതലിന് സമർപ്പിച്ചു... കാൽവരിയാത്രയുടെ തുടർച്ചയായിരുന്നു ജോസച്ചനെന്ന പുരോഹിതന്റെ ജീവിതവും.

ഗ്രാമീണ സ്നേഹത്തിന്റെ നറുസുഗന്ധം ഉള്ളിൽ പ്രസരിച്ചിരുന്ന ജോസച്ചന്റെ ജനനം എലിക്കുളമെന്ന ഗ്രാമത്തിലായിരുന്നു. തെക്കേൽ ചാക്കോ - മറിയം ദമ്പതിമാരുടെ മൂത്ത മകനായി 1941 ദുക്റാന തിരുനാൾ ദിനത്തിലായിരുന്നു അത്. ജന്മനാളിന്റെ നന്മകൾ അപ്പച്ചനെന്നു വിളിച്ചിരുന്ന ജോസച്ചനിൽ സുകൃതംചാർത്തിയിരുന്നു. സഭയോടും സഭാപഠനങ്ങളോടും സഭാധികാരികളോടുമുള്ള ആത്മാർത്ഥമായ സ്നേഹം ജന്മനാളിൽ നിന്നു പകർന്നു കിട്ടിയതാവണം. എലിക്കുളം സെന്റ് മാത്യൂസ് എൽ.പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ സമയത്ത് കുടുംബം ബഥനിമലയിലേക്ക് കുടിയേറി. തുടർന്നുള്ള സ്കൂൾ പഠനം നാറാണംമൂഴി സെന്റ് ജോസഫ് സ്കൂളിലായിരുന്നു.

10-ാം ക്ലാസ് പഠനത്തിനുശേഷം ചങ്ങനാശ്ശേരി പാറേൽ മൈനർ സെമിനാരിയിൽ വൈദിക പരിശീലനത്തിനു ചേർന്നു. തുടർന്ന് വടവാതൂർ സെമിനാരിയുടെ ആദ്യകാല വിദ്യാർത്ഥികളിൽ ഒരാളായി തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1968 ഡിസംബർ 18-ാം തീയതി മിശിഹായുടെ പുരോഹിതനായി അഭിഷിക്തനായി.

ഇടവക ശുശ്രൂഷകളുടെ ആരംഭം കിഴക്കൻ മലയോര ഗ്രാമമായ കല്ലാറിൽ (മുണ്ടിയെരുമ) നിന്നായിരുന്നു. തുടർന്ന് ചങ്ങനാശ്ശേരി കത്തീഡ്രലിൽ അസിസ്റ്റന്റ് വികാരി, അഭിവന്ദ്യ മാർ ആന്റണി പടിയറ പിതാവിന്റെ സെക്രട്ടറി, കാഞ്ഞിരപ്പള്ളി ഇടവക അസിസ്റ്റന്റ് വികാരി എന്നീ നിലകളിൽ ശുശ്രൂഷ ചെയ്തു. പിന്നീട് ചങ്ങനാശ്ശേരി രൂപതയുടെ വെഞ്ചെമ്പിലുള്ള എസ്റ്റേറ്റിന്റെ മാനേജർ, ആ ഇടവകയുടെ വികാരി എന്നീ ശുശ്രൂഷകൾ ചെയ്തു. 1977 കാഞ്ഞിരപ്പള്ളി രൂപത സ്ഥാപിതമായപ്പോൾ പുതിയ രൂപതയുടെ ഭാഗമായി, 1977-ൽ വണ്ടൻപതാൽ തുടർന്ന് തരകനാട്ടുകുന്ന്, കുമളി, കണ്ണിമല, കോരുത്തോട്, മടുക്ക, മുണ്ട

ക്കയം, കൊരട്ടി പുത്തൻപള്ളി, കട്ടപ്പന എന്നിവിടങ്ങളിൽ സേവനം ചെയ്തു.

നിയോഗിക്കപ്പെട്ട ഇടങ്ങളിലെല്ലാം തീക്ഷ്ണതയോടും ആത്മാർത്ഥതയോടും കൂടി ശുശ്രൂഷ ചെയ്യുക എന്നതായിരുന്നു ജോസച്ചന്റെ അജപാലനശൈലി. ആളുകളുടെ മനസ്സറിഞ്ഞ് ഇട പെടുന്ന ഇടയനായിരുന്നു അച്ചൻ. ആ നിഷ്കളങ്കമായ പെരുമാറ്റം ദൈവജനം ഏറെ ഇഷ്ടപ്പെട്ടു. സാധാരണക്കാരുടെ ജീവിതാവസ്ഥകളോട് ചേർന്നു ജീവിക്കാൻ അച്ചൻ എന്നും ശ്രദ്ധിച്ചിരുന്നു. അവരിലൊരുവനായി അറിയപ്പെടാനാണ് ആഗ്രഹിച്ചതും. ലാളിത്യത്തിന്റെ വഴികളായിരുന്നു അച്ചനേറെയിഷ്ടം. വാക്കുകളിലൂടെയും പെരുമാറ്റങ്ങളിലൂടെയും ഏറെ സൗഹൃദം നിറച്ചുവച്ച ജോസച്ചന്റെ ശാസനകളിൽ പോലും പിതൃസ്നേഹത്തിന്റെ ആർദ്രഭാവമുണ്ടായിരുന്നു.

ഇടവകകളുടെ ആത്മീയ കാര്യങ്ങളിൽ അതീവ ശ്രദ്ധാലുവായിരുന്ന ആ ഇടയൻ അവധികളില്ലാതെ ആത്മീയ പരിചരണം നൽകി. ആത്മീയ വളർച്ചയ്ക്കൊപ്പം ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിലും അച്ചൻ ഏറെ താല്പര്യം കാട്ടി. കോരുത്തോട്ടിലെ വൈദികമന്ദിരം, മടുക്കയിലെ ഇടവക ദൈവാലയം, കട്ടപ്പനയിലെ നിത്യാരാധന ചാപ്പൽ, സ്കൂൾ കെട്ടിടം, മുണ്ടക്കയം കുരിശുമലപ്പള്ളി എന്നിങ്ങനെ വിവിധ നിർമ്മിതികൾ അച്ചന്റെ നേതൃത്വത്തിൽ നടത്തിയവയാണ്. കോരുത്തോടിൽ വികാരിയായിരിക്കെ പി.ഡി.എസ്. ന്റെ നേതൃത്വത്തിൽ അഴുതയാറിന്റെ കുറുകെ മൂഴിക്കല്ലിൽ പാലം നിർമ്മാണം, ജനകീയ കുഴിമാവ് - മൂക്കംപ്പെട്ടി റോഡ് നിർമ്മാണം ഇവയിൽ ജോസ് അച്ചൻ സജീവപങ്കാളിത്തം വഹിച്ചു. കട്ടപ്പന വികാരിയായിരിക്കുമ്പോൾ ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ മുഖ്യ സംഘാടകരിൽ ഒരാളായി കർഷകജനതയ്ക്കുവേണ്ടിയും പ്രവർത്തിച്ചു.

ദൈവം ഏല്പിച്ച ഇടങ്ങളിലെല്ലാം ചുറുചുറുക്കോടെ തന്റെ ദൗത്യങ്ങൾ നിർവ്വഹിച്ചു. ഒടുവിൽ 2009-ൽ ക്യാൻസർ രോഗബാധിതനായി ശുശ്രൂഷകളിൽ നിന്നു വിരമിച്ച് രോഗശയ്യയിലേക്കു മാറിയപ്പോഴും സഹജമായ ആ പ്രസരിപ്പിന് തെല്ലും കുറവു വന്നില്ല. രോഗം മെല്ലൊന്ന് ശമിച്ചപ്പോൾ എലിക്കുളം സെറിനിറ്റി ഹോമിലും പിന്നീട് കാളകെട്ടി മാർട്ടിൻ ഡി പോറസ് കപ്പേളയിലും സജീവമായി ശുശ്രൂഷ നിർവ്വഹിച്ചു. 2014 മുതൽ മുണ്ടക്കയം എം.എം.റ്റി. ആശുപത്രിയിലെ വിയാനി ബ്ലോക്കിൽ വിശ്രമത്തിലായിരുന്നു. രോഗപീഡകൾ അച്ചനെ തെല്ലും തളർത്തിയില്ല. 2018-ൽ സേവനം ചെയ്ത എല്ലാ ഇടവകകളിലും ഒരിക്കൽകൂടിയെത്തി സുവർണ്ണജൂബിലിയുടെ കൃതജ്ഞതാബലിയർപ്പിച്ച് സൗഹൃദം പുതുക്കുവാൻ സാധിച്ചു. 2020 ഏപ്രിൽ 14-ാം തീയതി രാവിലെ ബഹുമാനപ്പെട്ട ജോസച്ചൻ കർത്താവിൽ നിദ്രപ്രാപിച്ചു. അച്ചന്റെ കുടുംബം ഇപ്പോൾ വഞ്ചിമല ഇടവകയിലായതിനാൽ മൃതസംസ്ക്കാര ശുശ്രൂഷ 2020 ഏപ്രിൽ 15-ാം തീയതി രാവിലെ വഞ്ചിമല സെന്റ് ആന്റണീസ് ദൈവാലയത്തിലാണ് നടത്തിയത്. മാരകപകർച്ച വ്യാധിയായ കോവിഡ്-19 കാരണം പ്രത്യേക പ്രോട്ടോകോൾ പ്രകാരം പരിമിതമായ ആളുകൾ മാത്രമെ മൃതസംസ്ക്കാരത്തിൽ പങ്കെടുത്തുള്ളു.

വേദനയുടെ കിടക്കയിൽ ഇരുന്നും കിടന്നും നാളിതുവരെ ലോകത്തിനുവേണ്ടി ഈ പുരോഹിതൻ കരം വിരിക്കുകയായിരുന്നു. യാത്രാമൊഴി ചൊല്ലി ഒപ്പമാകാൻ കഴിയാതെ വേദനിക്കുന്ന ദൈവജനത്തിന്റെ മുഴുവൻ പ്രാർത്ഥനകളെയും ഒന്നുചേർന്നു സമർപ്പിക്കുന്നു. നമുക്കു പ്രാർത്ഥിക്കാം.

"തന്റെ ജോലികളെല്ലാം പൂർത്തിയാക്കിയശേഷം പരലോകത്തിലേക്കു യാത്ര പുറപ്പെട്ടിരിക്കുന്ന ഈ പുരോഹിതനെ വിശുദ്ധരുടെ സമൂഹത്തിലേക്ക് പ്രവേശിപ്പിക്കണമേ".

# ഫാ. ജോസ് പുത്തൻകടുപ്പിൽ
# അനുസ്മരണം



ശാന്തമായൊഴുകുന്ന ഒരു പുഴ കടലിന്റെ മാറിൽ അലിയുന്നതുപോലെ പുത്തൻകടുപ്പിൽ ജോസച്ചൻ സ്വർഗ്ഗീയ പിതാവിൽ വിലയം പ്രാപിച്ചിരിക്കുന്നു. പ്രസന്നവദനനായ പുരോഹിതൻ, ജ്ഞാനദീപ്തിയുള്ള ഗുരുവര്യൻ, സൗമ്യനായ അധികാരി, കരുണയുള്ള ഇടയൻ ഇങ്ങനെ ഒരു പിടി നന്മകളെ മനസ്സിൽ വാരിവച്ച് ജോസച്ചൻ യാത്രയായിരിക്കുന്നു.

1934 ആഗസ്റ്റ് 16-ാം തീയതി കാഞ്ഞിരപ്പള്ളി ഇടവകയിൽ പുത്തൻകടുപ്പിൽ തോമസ് - മേരി ദമ്പതിമാരുടെ മകനായി ജോസച്ചൻ ജനിച്ചു. കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. ചെറുപ്പം മുതലെ ദൈവികകാര്യങ്ങളോട് ഏറെ താല്പര്യമുണ്ടായിരുന്ന ആ ബാലൻ എല്ലാ ദിവസവും വി. കുർബാനയുടെ ശുശ്രൂഷകനാകാൻ ഓടിയെത്തി. ഈ യാത്ര ആ കുഞ്ഞിന്റെ ജീവിതത്തിൽ രണ്ടു ബന്ധങ്ങളെ ഊട്ടിവളർത്തി. ഒന്ന് ഈശോയുമായുള്ള ബന്ധമായിരുന്നു. ഒരു പുരോഹിതനായിത്തീരാനുള്ള ദൈവവിളിയുടെ കണ്ടെത്തലിലാണ് യാത്ര അവസാനിച്ചത്.

രണ്ടാമത്തേത് പുണ്യചരിതനായ ചങ്ങനാശ്ശേരി മെത്രാപ്പോലിത്ത അഭിവന്ദ്യ കാവുകാട്ടുപിതാവുമായുള്ള ബന്ധമായിരുന്നു. അന്ന് കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് സ്കൂളിലെ അധ്യാപകനായിരുന്നു കാവുകാട്ടച്ചൻ. കാവുകാട്ടച്ചന്റെ കുർബാനയിലെ ശുശ്രൂഷകനായിരുന്നു കുഞ്ഞുജോസ്. കാഞ്ഞിരപ്പള്ളി ഗവൺമെന്റ് ഹൈസ്കൂളിൽ വിദ്യാഭ്യാസം കഴിഞ്ഞപ്പോൾ വൈദികനാകണമെന്ന ആഗ്രഹം തീവ്രമായി. ചങ്ങനാശ്ശേരി പാറേൽ മൈനർ സെമിനാരിയിലെത്തിയ ജോസച്ചനെ അഭിവന്ദ്യ കാവുകാട്ടു പിതാവ് സന്തോഷത്തോടെ സ്വീകരിച്ചു.

മൈനർ സെമിനാരിയിലെ പഠനത്തിനുശേഷം ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളജിൽ ചേർന്ന് ബോട്ടണിയിൽ ബിരുദം നേടി. തുടർന്ന് മംഗലാപുരം സെന്റ് ജോസഫ് പൊന്തിഫിക്കൽ മേജർ സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1962 ഡിസംബർ 3-ന് ഈശോയുടെ പുരോഹിതനായി അഭിഷിക്തനായി. മുമ്പ് പൂർത്തീകരിച്ച ഡിഗ്രിയുടെ തുടർപഠനത്തിന് അഭിവന്ദ്യ കാവുകാട്ട് പിതാവ് ജോസച്ചനെ എസി.ബി. കോളജിലേക്കയച്ചു. അവിടെനിന്ന് ബോട്ടണിയിൽ ബിരുദാനന്തര ബിരുദം വിജയകരമായി കരസ്ഥമാക്കി.

എം.എസ്.സി. പഠനം പൂർത്തീകരിച്ച് തിരികെയെത്തിയ ജോസച്ചനെ പുതിയ ശുശ്രൂഷമേഖലയിലേക്ക് പിതാവു നിയോഗിച്ചു. കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് കോളജിൽ ബോട്ടണി ഡിപ്പാർട്ടുമെന്റിലെ ആദ്യ അധ്യാപകനാകുവാനായിരുന്നു ആ നിയോഗം. സെന്റ് ഡോമിനിക്സ് കോളജിലെ ബോട്ടണിയുടെ ചരിത്രത്തിലെ ആദ്യപേരുകാരനായി അച്ചൻ അധ്യാപനശുശ്രൂഷ ആരംഭിച്ചു. 1966 ഡിസംബർ 12-ാം തീയതിയായിരുന്നു സുദീർഘമായ അധ്യാപനശുശ്രൂഷയുടെ ആരംഭം. 1970-73 വരെയുള്ള മൂന്നുവർഷം മാന്നാനം കെ.ഇ. കോള

ജിലേക്ക് മാറിയതൊഴിച്ചാൽ അച്ചന്റെ അധ്യാപനജീവിതം മുഴുവൻ സെന്റ് ഡോമിനിക്സ് കോളജിലായിരുന്നു.

വ്യക്തിജീവിതത്തിൽ കാണിച്ച കണിശത അധ്യായന രംഗത്തും അക്കാദമിക പ്രവർത്തനങ്ങളിലും പുലർത്തുന്നതിൽ അച്ചൻ ശ്രദ്ധിച്ചു. അറിവിനെ ആത്മീയതകൊണ്ടു മനനം ചെയ്യുന്ന ഗുരുവായിരുന്നു ജോസച്ചൻ. ആരംഭകനെന്ന നിലയിൽ ബോട്ടണി ഡിപ്പാർട്ടുമെന്റിന് മികച്ചൊരടിത്തറ പണിയുവാൻ എന്നും ഏറെ അധ്വാനിച്ചു. മനോഹരമായി വരയ്ക്കാൻ പ്രാവീണ്യമുണ്ടായിരുന്ന അച്ചൻ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടുകൾ ഇന്നും മാതൃകകളായി സൂക്ഷിക്കുന്നു.

പുരോഹിതനെന്നാൽ മുന്നിൽ വയ്ക്കപ്പെട്ടവൻ എന്ന അർത്ഥത്തെ കർമ്മം കൊണ്ട് അച്ചൻ വിശാലമാക്കി. നലം തികഞ്ഞവനായി ശിഷ്യർക്കു മുമ്പിൽ വയ്ക്കപ്പെട്ട ഗുരുവര്യനായിരുന്നു ആ പുരോഹിതൻ. ശാന്തത അച്ചന്റെ സ്ഥായിഭാവവും പുഞ്ചിരി ആ മുഖത്തിന് അലങ്കാരവുമായിരുന്നു. യൗവനത്തിലേക്ക് കാലൂന്നുന്ന ഹൃദയങ്ങളിൽ ദൈവസ്നേഹത്തിന്റെ വഴിദീപം തെളിക്കുവാൻ അച്ചനെന്നും ശ്രമിച്ചിരുന്നു. ജീവിതവഴിയിൽ തെളിഞ്ഞ പ്രകാശരേണുക്കളുടെ ഓർമ്മ പങ്കുവയ്ക്കുന്നവർ അച്ചനിലെ പുരോഹിതനെയാണ് മഹത്വപ്പെടുത്തുന്നത്.

1973-ൽ കെ.ഇ. കോളജിൽ നിന്നും തിരികെയെത്തിയ ജോസച്ചൻ സെന്റ് ഡോമിനിക്സ് കേളജിന്റെ വൈസ് പ്രിൻസിപ്പലായി നിയമിതനായി. 1984-വരെ ആ തസ്തികയിൽ ശുശ്രൂഷ ചെയ്തു. 1984-ൽ കോളജിന്റെ പ്രിൻസിപ്പലായി സ്ഥാനമേറ്റു. തുടർന്ന് ആറുവർഷം പ്രിൻസിപ്പലായി സ്തുത്യർഹമായ സേവനം നിർവ്വഹിച്ചു. ശിഷ്യവാത്സല്യവും ശാന്തമായ സംസാരവും കൃത്യതയുള്ള ഇടപെടലും പ്രിൻസിപ്പലച്ചനെ ഏവർക്കും പ്രിയങ്കരനാക്കി. അർഹിച്ച ആദരം ഓരോരുത്തർക്കും നൽകു

മ്പോഴും നിയോഗിക്കപ്പെട്ട ഉത്തരവാദിത്വം നിർവ്വഹിച്ചിരിക്കണമെന്ന നിഷ്ഠ അച്ചനുണ്ടായിരുന്നു. അച്ചന്റെ സ്ഥിരപരിശ്രമം കോളജിന്റെ യശസ്സുയർത്തി. കോളജ് ഓഡിറ്റോറിയത്തിന്റെ പ്രാരംഭ നടപടികളാരംഭിച്ചത് ആ കാലയളവിലാണ്. മികച്ച ടെന്നീസ് ബാഡ്മിന്റൻ താരമായിരുന്ന അച്ചൻ കോളജിലെ സ്പോർട്സ് രംഗത്തെയും മികവുറ്റതാക്കി.

1990-ൽ കോളജിൽ നിന്നും റിട്ടയർ ചെയ്ത ജോസച്ചൻ ഇടവക ശുശ്രൂഷ സന്തോഷത്തോടെ ഏറ്റെടുത്തു. ആദ്യം ചെങ്കൽ ഇടവകയിലും പിന്നീട് കപ്പാട്, പൊൻകുന്നം, കാരികുളം, അഞ്ചലിപ്പ ഇടവകകളിലും വികാരിയായി സേവനം ചെയ്തു. 75-ാം വയസിൽ ഇടവകയിൽ നിന്നും വിരമിക്കേണ്ട സമയത്തും ആരോഗ്യഭ്രംശങ്ങളില്ലാത്തതിനാൽ പൂമറ്റം പള്ളിയുടെ വികാരിയായി സ്ഥാനമേറ്റെടുത്തു. രണ്ടു വർഷത്തെ സേവനത്തിനു ശേഷം 2014-ൽ അച്ചൻ ശുശ്രൂഷകളിൽ നിന്ന് പൂർണ്ണമായി വിട വാങ്ങി. നല്ലൊരു വൈദികൻ നല്ലൊരധ്യാപകനാണ് എന്നു പറയുമ്പോലെ നല്ലൊരധ്യാപകൻ നല്ലൊരു വൈദികനാണ് എന്ന് ജീവിതം കൊണ്ട് അച്ചൻ തെളിയിച്ചു.

ദൈവജനത്തിന്റെ മനസ്സിലിടം കണ്ടെത്തിയ ഇടയനായിരുന്ന ജോസച്ചൻ എല്ലാവരെയും സമഭാവനയോടെ കണ്ടു സ്നേഹിച്ചു. സഹായം തേടിവരുന്നവരെ കരുതലോടെ പരിഗണിച്ചു. ഭവനങ്ങളിലേക്കിറങ്ങിച്ചെന്ന് ആളുകളിലൊരുവനായി അവരോടിടപ്പെട്ടു, അധികാരത്തിന്റെ ശബ്ദം അച്ചനിൽ നിന്നുയർന്നില്ല. ബന്ധങ്ങളെ ഊഷ്മളങ്ങളായി കരുതി അതിനു ലോപമുണ്ടാകാതെ കാത്തുസൂക്ഷിച്ചു. ഇങ്ങനെ ഇടവകവികാരിയെന്ന നിലയിൽ സദ്ഗുണങ്ങളുടെ ശ്രേണി നിർമ്മിക്കാൻ അച്ചനു കഴിഞ്ഞു.

ആത്മീയ കാര്യങ്ങൾക്കൊപ്പം ഭൗതിക ഉന്നമനത്തിനും ഇടയനെന്ന നിലയിൽ ശ്രദ്ധയുള്ളവനായിരുന്നു. അഞ്ച

ലിപ്പയിലെ പാരീഷ് ഹാളും പള്ളിമുറിയും അതിനുദാഹരണമാണ്. 2017-ൽ പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലി സമംഗളം ആഘോഷിക്കാൻ ദൈവം അനുഗ്രഹിച്ചു.

വിവിധ രോഗങ്ങളുടെ ക്ലേശങ്ങൾ അലട്ടുമ്പോഴും ദൈവ കൃപയ്ക്ക് നന്ദി പറഞ്ഞുകൊണ്ട് ആയിരിക്കാൻ അച്ചനെന്നും ശ്രദ്ധിച്ചു. ഏല്പിക്കപ്പെട്ട ജോലികളെല്ലാം കൃത്യമായി നിർവ്വഹിച്ച കർത്താവിന്റെ ഈ പുരോഹിതൻ 2020 ഏപ്രിൽ 22-ന് നിത്യസമ്മാനത്തിന് യാത്രയായി. ഏപ്രിൽ 23-ാം തീയതി കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ അച്ചന്റെ മൃതസംസ്കാരശുശ്രൂഷ നടത്തി. "തന്റെ ജോലികളെല്ലാം പൂർത്തിയാക്കിയശേഷം പരലോകത്തിലേക്കു യാത്ര പുറപ്പെട്ടിരിക്കുന്ന ഈ പുരോഹിതനെ വിശുദ്ധന്മാരുടെ സമൂഹത്തിലേക്ക് പ്രവേശിപ്പിക്കണമേ" ആമ്മേൻ.

പരേതരായ നമ്മുടെ ഈ രണ്ട് അച്ചന്മാർക്കുവേണ്ടി PWA അംഗങ്ങൾ ഒരു വിശുദ്ധ കുർബാനവീതം അർപ്പിക്കേണ്ടതാണ്.



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

| | |
|---|---|
| റവ. ഫാ. സണ്ണി മണിയാക്കുപാറ | 5,000/- |
| റവ. ഫാ. ജോസഫ് വാഴയിൽ | 42,000/- |
| റവ. ഫാ. വർഗീസ് മഞ്ഞക്കുഴക്കുന്നേൽ | 1,50,000/- |


**ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ**
**(പ്രസിഡന്റ്)**

---

## സ്നേഹസ്മരണയ്ക്ക്



റവ.ഫാ. ജോസഫ്
ഇല്ലിക്കൽ
(03-11-1909 - 28-06-1995)



റവ.ഫാ. ജേക്കബ്
അയലൂപ്പറമ്പിൽ
(28-08-1930- 18-06-2007)



റവ.ഫാ. മാത്യു
വടക്കേമുറി
(15-08-1941- 22-06-2012)



# പൗരോഹിത്യാദ്ധ്യാത്മിക വചനവിചിന്തനങ്ങൾ

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

## പുരോഹിതൻ: വിശ്വാസപ്രബോധകനും പ്രഘോഷകനും
## (തിരുവചനഭാഗം: യാക്കോബ് 1,1-27)

നാലു സുവിശേഷങ്ങളുടെയും നടപടിഗ്രന്ഥത്തിന്റെയും അടിസ്ഥാനത്തിലുള്ള വിചിന്തനങ്ങളാണ് ഇതുവരെ നാം നടത്തിയിരുന്നത്. ഇനി നമ്മൾ വിചിന്തനത്തിനു വിഷയമാക്കുന്നത് കാതോലികലേഖനങ്ങളാണ്. യാക്കോബ്, പത്രോസ്, യോഹന്നാൻ, യൂദാ എന്നീ ശ്ലീഹന്മാരുടെ പേരിൽ അറിയപ്പെടുന്ന ഏഴു ലേഖനങ്ങളാണ് കാതോലികലേഖനങ്ങൾ. ആദിമസഭയിൽ പ്രധാനികളായി കരുതപ്പെട്ടിരുന്ന ഈ ശ്ലീഹന്മാർ സാർവ്വത്രികസഭയ്ക്ക് പൊതുവായി നല്കുന്ന ഉപദേശങ്ങളാണ് ഈ ലേഖനങ്ങളിലുള്ളത്. ഇവയിൽ ആദ്യത്തേത് ഹൽപൈയുടെ പുത്രനും, 'കർത്താവിന്റെ സഹോദരൻ' എന്ന് പൗലോസ്ശ്ലീഹാ വിശേഷിപ്പിക്കുന്നവനും (ഗലാ 1,19), ജറുസലേമിൽ ആദിമസഭയുടെ നേതാവും (ശ്ലീഹ 12,17) ആയിരുന്ന യാക്കോബ്ശ്ലീഹായുടേതാണ്.

യാക്കോബ്ശ്ലീഹായുടെ ലേഖനം ഒന്നാമദ്ധ്യായം ഇപ്രകാരം വിഭജിക്കാം:

1. വിശ്വാസത്തിൽ സ്ഥിരതയുള്ളവരാകുക (1,1-8)
2. പാപം മരണത്തിനു കാരണമാകും (1,9-16)
3. പുതുജന്മം നല്കുന്ന വചനം സ്വീകരിക്കുക (1,17-21)
4. വചനം ജീവിതത്തിൽ പ്രാവർത്തികമാക്കുക (1,22-25)
5. ശരിയായ ദൈവഭക്തി-പരസ്നേഹം (1,26-27)

വിശ്വാസപ്രബോധകരും പ്രഘോഷകരുമാകേണ്ട പുരോഹിതർക്ക് പ്രചോദനമാകുന്ന സന്ദേശങ്ങൾ ഈ വചനഭാഗത്ത് നമുക്കു കണ്ടെത്തുവാൻ കഴിയും.

## 1. പുരോഹിതൻ: വിശ്വാസജീവിതത്തിനു നേതൃത്വം നല്കുന്നവൻ

*"എന്റെ സഹോദരരേ, വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ, നിങ്ങൾ സന്തോഷിക്കുവിൻ. എന്തെന്നാൽ, വിശ്വാസം പരീക്ഷിക്കപ്പെടുമ്പോൾ നിങ്ങൾക്ക് അതിൽ സ്ഥിരത ലഭിക്കുമെന്ന് അറിയാമല്ലോ. ഈ സ്ഥിരത പൂർണ ഫലം പുറപ്പെടുവിക്കുകയും അങ്ങനെ നിങ്ങൾ പൂർണരും എല്ലാം തികഞ്ഞ വരും ഒന്നിലും കുറവില്ലാത്തവരും ആകുകയും ചെയ്യും"* (1,2-4).

'വിവിധ പരീക്ഷകളുണ്ടാകുമ്പോൾ നിങ്ങൾ അധികമായി സന്തോഷി ക്കുവിൻ' എന്ന ആഹ്വാനത്തോടെയാണ് ലേഖനം ആരംഭിക്കുന്നത് (1,2). വിശ്വാ സജീവിതത്തിലുണ്ടാകുന്ന പരീക്ഷകളാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുവാക്കിന് പാപത്തിലേക്കു നയിക്കാവുന്ന സാഹചര്യം, അവസരം എന്നൊക്കെ അർത്ഥമുണ്ട്. വിശ്വാസത്തിന്റെ മാറ്റു തെളിയിക്കുന്നത്, അല്ലെങ്കിൽ വിശ്വാസസ്ഥിരത വെളിവാക്കുന്നത് വിശ്വസി ക്കുന്ന വ്യക്തി പരീക്ഷിക്കപ്പെടുമ്പോഴാണ്. പൂർവ്വപിതാവായ അബ്രാഹത്തിന്റെ കാര്യത്തിലെന്നപോലെ, ക്രൈസ്തവർ പൂർണ്ണരും മികവുറ്റവരും കുറവില്ലാ ത്തവരുമായിത്തീരുന്നത് വിശ്വാസജീവിതത്തിലുണ്ടാകുന്ന പരീക്ഷകളെ ക്ഷമ യോടെ നേരിടുമ്പോഴാണ്. വിശ്വാസം പരീക്ഷിക്കപ്പെടുമ്പോഴാണ് അതിൽ സ്ഥിരത ലഭിക്കുന്നത്. വിശ്വാസത്തിന്റെ ആഴവും ഉറപ്പും വ്യക്തമാക്കാൻ പരീ ക്ഷണങ്ങൾ ആവശ്യമാണ്. ശാന്തത കൈവിടാതെയും അടിപതറാതെയും കർത്താവിനോടു ചേർന്നുനിന്നാൽ പരീക്ഷകളിൽ വിജയം സുനിശ്ചിതം. വിശ്വാ സസ്ഥിരത പൂർണ്ണഫലം പുറപ്പെടുവിക്കട്ടെ എന്നാണ് ശ്ലീഹായുടെ ആശംസ. അതുവഴി വിശ്വാസികൾ പൂർണ്ണരും എല്ലാം തികഞ്ഞവരും ഒന്നിലും കുറവി ല്ലാത്തവരുമായി ഭവിക്കും.

സഭ വിശ്വാസികളുടെ സമൂഹമാണ് (ശ്ലീഹ 4,32). ഈ വിശ്വാസികളുടെ സമൂഹത്തിന് നേതൃത്വം കൊടുക്കുന്ന ശുശ്രൂഷയാണ് പുരോഹിതന്റേത്. വിശ്വാ സത്തിന് ഇന്നു വെല്ലുവിളികൾ നിരവധിയാണ്. ദൈവത്തിലുള്ള വിശ്വാസവും അതിൽനിന്നുരുത്തിരിയുന്ന ധാർമ്മികതയും നഷ്ടപ്പെട്ട ഒരു സമൂഹമായി ഇന്നത്തെ മനുഷ്യസമൂഹം പൊതുവെ മാറിയിരിക്കുന്നു. ഉപഭോഗവാദം, ആപേ ക്ഷികവാദം, ശാസ്ത്രീയഭൗതികവാദം, പ്രായോഗികവാദം എന്നിവയെല്ലാം ഇന്നത്തെ സമൂഹത്തെ സ്വാധീനിക്കുന്നു. ഈ പശ്ചാത്തലത്തിൽ വിശ്വാസി

കളുടെ സമൂഹമായി സഭയെ നിലനിർത്തുവാൻ സാധിക്കണമെങ്കിൽ, അവർക്കു നേതൃത്വം നല്കുന്ന പുരോഹിതർ വിശ്വാസത്തിന്റെ തനിമ കാത്തുസൂക്ഷിക്കുന്നവരും സമൂഹത്തിന്റെ സ്വാധീനത്തെ അതിജീവിച്ചു തങ്ങളുടെ വിശ്വാസം ജീവിക്കുവാൻ അവരെ സഹായിക്കുന്നവരുമായിരിക്കണം.

**2. പുരോഹിതൻ: വിശുദ്ധിയിൽ മുന്നേറുന്നവൻ**

*"പരീക്ഷകൾ ക്ഷമയോടെ സഹിക്കുന്നവൻ ഭാഗ്യവാൻ. എന്തെന്നാൽ, അവൻ പരീക്ഷകളെ അതിജീവിച്ചുകഴിയുമ്പോൾ തന്നെ സ്നേഹിക്കുന്നവർക്കു ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടം അവനു ലഭിക്കും. പരീക്ഷിക്കപ്പെടുമ്പോൾ, താൻ ദൈവത്താലാണ് പരീക്ഷിക്കപ്പെടുന്നത് എന്ന് ഒരുവനും പറയാതിരിക്കട്ടെ. എന്തെന്നാൽ, ദൈവം തിന്മയാൽ പരീക്ഷിക്കപ്പെടുന്നില്ല, അവിടുന്ന് ആരെയും പരീക്ഷിക്കുന്നുമില്ല. ഓരോരുത്തരും പരീക്ഷിക്കപ്പെടുന്നതു സ്വന്തം ദുർമോഹങ്ങളാൽ വശീകരിക്കപ്പെട്ടു കുടുക്കിലാകുമ്പോഴാണ്. ദുർമോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു. പാപം പൂർണവളർച്ച പ്രാപിക്കുമ്പോൾ മരണത്തെ ജനിപ്പിക്കുന്നു. എന്റെ പ്രിയ സഹോദരരേ, നിങ്ങൾക്കു മാർഗ്ഗഭ്രംശം സംഭവിക്കരുത്."* (1,12-16).

പരീക്ഷകളുണ്ടാകുമ്പോൾ സന്തോഷിക്കാൻ ഉപദേശിച്ചെങ്കിലും പരീക്ഷകളുടെ സ്വഭാവം മനസ്സിലാക്കി അവയിൽ ഉൾപ്പെടാതിരിക്കാൻ പരിശ്രമിക്കണമെന്ന് യാക്കോബ്ശ്ലീഹാ ഇവിടെ എടുത്തുപറയുന്നു. സമ്പത്താണ് ഇവിടെ പരീക്ഷണഹേതുവായി അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ദരിദ്രനെയും ധനികനെയും സംബന്ധിച്ച് സമ്പത്ത് പരീക്ഷയാണ്. ദരിദ്രന് സമ്പത്തിന്റെ അഭാവം മോഷ്ടിക്കാനും സമ്പത്തുണ്ടാക്കാൻ തെറ്റായ മാർഗ്ഗങ്ങൾ അവലംബിക്കാനും പ്രേരണ നല്കുമ്പോൾ, ധനികന് സമ്പത്തിന്റെ ധാരാളിത്തം ദൈവത്തെ മറന്നുജീവിക്കാൻ പ്രേരകമാകുന്നു. അപ്രകാരം ജീവിച്ചാൽ നിത്യമായ നഷ്ടമാണ് സംഭവിക്കാൻ പോകുന്നത്. നിത്യജീവന്റെ കിരീടം നഷ്ടപ്പെട്ട് നിത്യമരണത്തിന് ഇരയായിത്തീരും. പാപത്തിലേക്കും മരണത്തിലേക്കും നയിക്കുന്ന പരീക്ഷകൾക്ക് അഥവാ പ്രലോഭനങ്ങൾക്ക് ഉത്തരവാദി ദൈവമാണെന്നു പറഞ്ഞ് ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറാനുള്ള പ്രലോഭനവും മനുഷ്യർക്കുണ്ട്. കാരണം ദൈവമാണല്ലോ ഈ ബലഹീനതകളോടുകൂടി മനുഷ്യനെ സൃഷ്ടിച്ചത്. ഈ മനോഭാവവും ശരിയല്ല എന്ന് ശ്ലീഹാ

ഇവിടെ പ്രത്യേകം ഓർമ്മിപ്പിക്കുന്നുണ്ട് (1,13-15). മനുഷ്യനെ അശുദ്ധനാക്കുന്നതെല്ലാം അവന്റെയുള്ളിൽനിന്നാണ് വരുന്നതെന്ന് ഈശോയും പഠിപ്പിച്ചിട്ടുണ്ടല്ലോ (മത്താ 15,18-19).

സഭയുടെ അടിസ്ഥാനപരമായ വിളി വിശുദ്ധിയിലേക്കുള്ള വിളിയാണ്. ദൈവത്തിന്റെ രക്ഷാപദ്ധതിയിൽത്തന്നെ അതു വ്യക്തമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതാണ് (എഫേ 1,3-4). രണ്ടാം വത്തിക്കാൻ കൗൺസിൽ, സഭയെക്കുറിച്ചുള്ള പ്രമാണരേഖയിൽ, സഭയിൽ എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു എന്ന് എടുത്തുപറഞ്ഞിട്ടുമുണ്ട് (ജനതകളുടെ പ്രകാശം, അഞ്ചാം അദ്ധ്യായം). അതുകൊണ്ടു സഭയെ ആത്യന്തികമായി വിശുദ്ധരുടെ കൂട്ടായ്മയായി കെട്ടിപ്പടുക്കുവാനാണ് പുരോഹിതർ ശ്രദ്ധിക്കേണ്ടത്. ഇതു സാദ്ധ്യമാകണമെങ്കിൽ പുരോഹിതൻ അജഗണങ്ങളുടെ മുമ്പേ നടക്കുന്ന നല്ലയിടയനായ ഈശോയെപ്പോലെ (യോഹ 10,4) വിശുദ്ധിയിൽ വ്യാപരിക്കുന്നവനായിരിക്കണം. തന്റെ മാനുഷികമായ പ്രലോഭനങ്ങളെയെല്ലാം അതിജീവിച്ച് വിശുദ്ധിയിൽ മുന്നേറുന്ന പുരോഹിതനുമാത്രമേ വിശ്വാസികളുടെ സമൂഹത്തെ വിശുദ്ധിയിൽ വ്യാപരിക്കുവാൻ പ്രചോദിപ്പിക്കുവാനാവുകയുള്ളു.

### 3. പുരോഹിതൻ: വിശ്വാസപ്രബോധകൻ

"*ഉത്തമവും പൂർണവുമായ എല്ലാ ദാനങ്ങളും ഉന്നതത്തിൽനിന്ന്, മാറ്റമോ മാറ്റത്തിന്റെ നിഴലോ ഇല്ലാത്ത പ്രകാശങ്ങളുടെ പിതാവിൽനിന്നു വരുന്നു. തന്റെ സൃഷ്ടികളിൽ ആദ്യഫലമാകേണ്ടതിന് സത്യത്തിന്റെ വചനത്താൽ, നമുക്കു ജന്മം നല്കാൻ അവിടുന്നു തിരുമനസ്സായി. ... ആകയാൽ, എല്ലാ അശുദ്ധിയും വർദ്ധിച്ചുവരുന്ന തിന്മയും ഉപേക്ഷിച്ച്, നിങ്ങളിൽ പാകിയിരിക്കുന്നതും നിങ്ങളുടെ ആത്മാക്കളെ രക്ഷിക്കുവാൻ കഴിവുള്ളതുമായ വചനത്തെ വിനയപൂർവ്വം സ്വീകരിക്കുവിൻ*" (1,17-18.21).

ക്രൈസ്തവാസ്തിത്വം ദൈവത്തിന്റെ വചനവുമായി ബന്ധപ്പെട്ടിരിക്കുന്നു. വചനമെന്നു പറയുന്നത് ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലാണല്ലോ. ദൈവത്തിന്റെ വചനം ദൈവത്തിന്റെ സംസാരമാണ്. ഒരാളുടെ സംസാരമാണല്ലോ അയാളെ സ്വയം വെളിപ്പെടുത്തുന്നത്. സ്വയം വെളിപ്പെടുത്തുന്ന ഈ ദൈവത്തെയാണ് 'പ്രകാശങ്ങളുടെ പിതാവ്' എന്ന് യാക്കോബ്ശ്ലീഹാ ഇവിടെ

വിശേഷിപ്പിക്കുന്നത് (1,17). ദൈവം സ്വയം പ്രകാശിപ്പിക്കുന്നവനാണ്, മറഞ്ഞിരിക്കുന്നവനല്ല. സൃഷ്ടികർമ്മംമുതൽ ദൈവം സംസാരിക്കുവാൻ തുടങ്ങി. സൃഷ്ടികർമ്മത്തിൽ അവിടുന്ന് ആദ്യം അരുളിച്ചെയ്തത് "വെളിച്ചം ഉണ്ടാകട്ടെ" (ഉല്പ 1,3-5) എന്നാണ്. ഈ സംസാരത്തിന്റെ പൂർത്തീകരണമാണ് വചനമാകുന്ന ഈശോ. "ആദിയിൽ വചനമുണ്ടായിരുന്നു" (യോഹ 1,1-2); 'ആ വചനം മാംസമായി' (യോഹ 1,14) എന്നുപറയുന്ന യോഹന്നാനും "അവസാനം തന്റെ പുത്രനിലൂടെ ദൈവം സംസാരിച്ചു" (ഹെബ്രാ 1,1) എന്നുപറയുന്ന ഹെബ്രായലേഖനവും പ്രകാശമാകുന്ന പിതാവിലേക്കാണ് വിരൽചൂണ്ടുന്നത്. ഇപ്രകാരം വചനമായിവന്ന ഈശോയെ സ്വീകരിച്ചുകൊണ്ടാണ് ക്രൈസ്തവജീവിതം ആരംഭിക്കുന്നതും തുടരുന്നതും. സഭാസമൂഹം ഈ വചനം സ്വീകരിച്ചവരുടെ സമൂഹമാണ് (ശ്ലീഹ 2,41).

'വചനം സ്വീകരിക്കുക' എന്നതുകൊണ്ട് വചനാനുസൃതമായ ജീവിതം നയിക്കുക എന്നാണ് അർത്ഥമാക്കുന്നത്. ഇതു സാദ്ധ്യമാകണമെങ്കിൽ ഈ വചനസ്വീകരണം സഭയിൽ നിരന്തരമായി നടത്തിക്കൊണ്ടിരിക്കണം. ആദിമ സഭാസമൂഹം ഇപ്രകാരം നിരന്തരമായി വചനസ്വീകരണം നടത്തിക്കൊണ്ടിരുന്ന ഒരു സമൂഹമായിരുന്നു: "അവർ ശ്ലീഹന്മാരുടെ പ്രബോധനം ... എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു" (ശ്ലീഹ 2,42). ശ്ലീഹന്മാരിൽ അധിഷ്ഠിതമായ സഭയിൽ സ്വീകരിക്കപ്പെട്ട വചനമാണ് ശ്ലൈഹികപാരമ്പര്യം. ഈ പാരമ്പര്യമാണ് സഭയുടെ വിശ്വാസമായി പിൻതലമുറകൾക്ക് കൈമാറപ്പെട്ടുകൊണ്ടിരിക്കുന്നത്. ഈ വിശ്വാസപ്രബോധനമാണ് പുരോഹിതന്റെ പ്രഥമദൗത്യം (PO 4). അതുകൊണ്ട് സഭയുടെ വിശ്വാസം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക എന്നത് തന്റെ ഏറ്റം പ്രധാനപ്പെട്ട ദൗത്യമായി പുരോഹിതൻ കരുതുകയും അപ്രകാരം തന്റെ ശുശ്രൂഷ നിർവഹിക്കുകയും വേണം.

### 4. പുരോഹിതൻ: വിശ്വാസപ്രഘോഷകൻ

*"നിങ്ങൾ വചനം കേൾക്കുകമാത്രം ചെയ്യുന്ന ആത്മവഞ്ചകരാകാതെ അത് അനുവർത്തിക്കുന്നവരും ആയിരിക്കുവിൻ. വചനം കേൾക്കുകയും അത് അനുവർത്തിക്കാതിരിക്കുകയും ചെയ്യുന്നവൻ തന്റെ മുഖം കണ്ണാടിയിൽ കാണുന്ന മനുഷ്യനു സദൃശ്യനാണ്. അവൻ തന്നെത്തന്നെ നോക്കിയിട്ടു കടന്നുപോകുന്നു; താൻ എങ്ങനെയിരിക്കുന്നുവെന്ന് ഉടൻതന്നെ വിസ്മരിക്കുകയും*

*ചെയ്യുന്നു. കേട്ടതു മറക്കുന്നവനല്ല, പ്രവർത്തിക്കുന്നവനാണ് പൂർണമായ നിയമത്തെ, അതായത് സ്വാതന്ത്ര്യത്തിന്റെ നിയമത്തെ, സൂക്ഷ്മമായി ഗ്രഹിക്കുകയും അതിൽ ഉറച്ചുനില്ക്കുകയും ചെയ്യുക. തന്റെ പ്രവൃത്തികളിൽ അവൻ അനുഗൃഹീതനാകും*" (1,22-25).

വചനം സ്വീകരിച്ചാൽമാത്രം പോരാ, അത് അനുശാസിക്കുന്നതിനനുസൃതമായി പ്രവർത്തിക്കുകകൂടിവേണം. വചനത്തെ ഒരു കണ്ണാടിയോടാണ് യാക്കോബ്ശ്ലീഹാ ഉപമിക്കുന്നത്. കണ്ണാടി നമ്മുടെ യഥാർത്ഥ രൂപം കാണിച്ചുതരുന്നതുപോലെ, നാം എന്താണ്, എങ്ങനെയാണ് എന്ന് ദൈവവചനം വ്യക്തമാക്കിത്തരും. നമ്മുടെ ക്രിസ്തീയവ്യക്തിത്വം ദൈവമക്കൾക്കടുത്ത വ്യക്തിത്വമാണ്: "തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവമക്കളാകുവാനുള്ള അവകാശം അവൻ നല്കി" (യോഹ 1,12). സ്വന്തമുഖം നമുക്കു നേരിട്ടുകാണുവാൻ സാധിക്കുകയില്ല. കണ്ണാടിയുടെ സഹായത്താലേ കാണാൻ സാധിക്കൂ. അതുപോലെ ദൈവമക്കളെന്ന നിലയിൽ നമ്മിൽ എന്തെങ്കിലും കുറവുകളുണ്ടോ എന്ന് നമുക്കു കാണുവാൻ സാധിക്കുന്നത് ദൈവവചനമാകുന്ന കണ്ണാടിയിലൂടെമാത്രമാണ്. നാം സ്വീകരിക്കുന്ന ദൈവവചനത്തിന്റെ വെളിച്ചത്തിൽ നമ്മെത്തന്നെ പരിശോധിച്ച് കുറവുകൾ പരിഹരിക്കുകയും, ദൈവമക്കൾക്കടുത്ത വ്യക്തിത്വം അതിന്റെ പൂർണ്ണതയിൽ സ്വന്തമാക്കുവാൻ നിരന്തരമായി ശ്രമിക്കുകയും ചെയ്യേണ്ടതുണ്ട്.

ദൈവമക്കൾക്കടുത്ത ജീവിതനിയമത്തെ സ്വാതന്ത്ര്യത്തിന്റെ നിയമമെന്നാണ് ഇവിടെ വിശേഷിപ്പിക്കുക (1,25). ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യത്തിന്റെ നിയമത്തെക്കുറിച്ച് പൗലോസ്ശ്ലീഹാ പറയുന്നുണ്ട്: "എന്റെ സഹോദരരേ, സ്വാതന്ത്ര്യത്തിലേക്കാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ആ സ്വാതന്ത്ര്യം ജഡികകാര്യങ്ങൾക്കുവേണ്ടി ആകരുതെന്നുമാത്രം. പ്രത്യുത, സ്നേഹത്തോടെ അന്യോന്യം സേവിക്കുവിൻ. എന്തെന്നാൽ നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന ഒറ്റ വാക്യത്തിൽ നിയമംമുഴുവൻ അടങ്ങിയിരിക്കുന്നു" (ഗലാ 5,13-14). ദൈവമക്കൾക്കടുത്ത സഹോദരസ്നേഹത്തിന്റെ നിയമമാണ് ഈ സ്വാതന്ത്ര്യത്തിന്റെ നിയമം. ഈ ജീവിതനിയമം പാലിക്കുന്നതിൽ എന്തെങ്കിലും കുറവുകളുണ്ടെ

ങ്കിൽ അവ പരിഹരിച്ച് നിരന്തരം ദൈവപുത്രർക്കടുത്ത സാഹോദര്യത്തിലും സ്നേഹത്തിലും സ്വയം നവീകരിക്കുന്നതിനുള്ള കണ്ണാടിയായി വചനസ്വീകരണം നിരന്തരം നടക്കണം. ഇതു സാധ്യമാകത്തക്കവിധം സഭാസമൂഹത്തിൽ വചനപ്രഘോഷണം അഥവാ വിശ്വാസപ്രഘോഷണം നിരന്തരം നടത്തുവാൻ പുരോഹിതൻ കടപ്പെട്ടിരിക്കുന്നു.

### 5. പുരോഹിതൻ: വിശുദ്ധിയുടെയും സ്നേഹത്തിന്റെയും ശുശ്രൂഷകൻ

"*താൻ ദൈവഭക്തനാണെന്ന് ഒരുവൻ വിചാരിക്കുകയും തന്റെ നാവിനെ നിയന്ത്രിക്കാതെ ഹൃദയത്തെ വഞ്ചിക്കുകയും ചെയ്താൽ അവന്റെ ഭക്തി വ്യർത്ഥമത്രേ. പിതാവായ ദൈവത്തിന്റെ മുമ്പിൽ പരിശുദ്ധവും നിഷ്കളങ്കവുമായ ഭക്തി ഇതാണ്: അനാഥരുടെയും വിധവകളുടെയും ഞെരുക്കങ്ങളിൽ അവരുടെ സഹായത്തിനെത്തുക; ലോകത്തിന്റെ കളങ്കമേൽക്കാതെ തന്നെത്തന്നെ കാത്തുസൂക്ഷിക്കുക*" (1,26-27).

യഥാർത്ഥ ദൈവഭക്തി അഥവാ വിശ്വാസജീവിതം എന്താണെന്ന് ഈ വാക്യങ്ങളിലൂടെ യാക്കോബ്ശ്ലീഹാ നിർവചിക്കുകയാണ്. അതു ദൈവത്തോടുമാത്രമുള്ള ഒരു ബന്ധമല്ല. വിശ്വാസജീവിതം ഒരേസമയം ദൈവശുശ്രൂഷയും സഹോദരശുശ്രൂഷയുമാണ്. ദൈവം പരിശുദ്ധനായിരിക്കുന്നതുകൊണ്ട് അവിടുത്തെ ശുശ്രൂഷിക്കുന്നവരും ആരാധിക്കുന്നവരും പരിശുദ്ധരായിരിക്കണമെന്നത് പഴയനിയമകാലംമുതലേയുള്ള നിബന്ധനയാണ് (ലേവ്യ 19,1-2). നമ്മുടെ ദൈവശുശ്രൂഷ സ്വീകാര്യമാകണമെങ്കിൽ അതു പരിശുദ്ധവും നിർമ്മലവുമായിരിക്കണം. ദൈവഭക്തിയിലുള്ള ആത്മാർത്ഥത തിരിച്ചറിയാനുള്ള പ്രഥമ മാനദണ്ഡം നാവിന്റെ നിയന്ത്രണമാണ്. നാവിനെ നിയന്ത്രിക്കാത്തവൻ ഹൃദയത്തെ വഞ്ചിക്കുന്നു എന്നാണ് ശ്ലീഹാ പറയുന്നത്. മനുഷ്യന്റെ നാവു പൊതുവെ മറ്റുള്ളവരെ വിമർശിക്കുന്ന ഒന്നാണ്. അതിനെ നിയന്ത്രിക്കണം. സഹോദരനെക്കുറിച്ചു നല്ലതു പറയുന്നതും വേദനിപ്പിക്കുന്നതു പറയാതിരിക്കുന്നതിലുമാണ് നാവിന്റെ ശരിയായ വിനിയോഗം. ദൈവസ്തുതി ആത്മാർത്ഥമാകുന്നത് സഹോദരനോടും സഹോദരനെക്കുറിച്ചും നല്ലതു പറയുകകൂടി ചെയ്യുമ്പോഴാണ് (യാക്കോ 3,9-10). സാഹോദര്യബന്ധത്തിൽ സ്നേഹം പ്രതിഫലിക്കുന്നില്ലെങ്കിൽ ദൈവസ്തുതി ആത്മാർത്ഥമല്ല.

ദൈവഭക്തിയുടെയും വിശ്വാസജീവിതത്തിന്റെയും മറ്റൊരു പ്രധാന പ്രകാശനം ദുരിതമനുഭവിക്കുന്ന അനാഥരെയും വിധവകളെയും സന്ദർശിച്ചു സഹായിക്കുക എന്നതാണ് (1,27). പഴയനിയമപ്രവാചകന്മാരുടെ ശൈലിതന്നെയാണ് ഇവിടെയും നാം കാണുന്നത്: "നന്മ പ്രവർത്തിക്കുവാൻ ശീലിക്കുവിൻ. നീതി അന്വേഷിക്കുവിൻ. അനാഥരോടു നീതി ചെയ്യുവിൻ. വിധവകൾക്കുവേണ്ടി വാദിക്കുവിൻ" (ഏശ 1,10–17). "കർത്താവിന്റെ മുമ്പിൽ ഞാൻ എന്തു കാഴ്ചയാണ് കൊണ്ടുവരേണ്ടത്? മനുഷ്യാ, ... നീതി പ്രവർത്തിക്കുക, കരുണ കാണിക്കുക" (മിക്കാ 6,6–8). ആദിമസഭയും അനാഥർക്കും വിധവകൾക്കുമുള്ള ശുശ്രൂഷയെ ദൈവശുശ്രൂഷയായി പരിഗണിച്ചിരുന്നു. ഇപ്രകാരം വിശുദ്ധിയുടെയും സ്നേഹത്തിന്റെയും ജീവിതം നയിക്കുന്ന ഒരു സമൂഹമായി സഭയെ കെട്ടിപ്പടുക്കുവാനാണ് പുരോഹിതൻ ശ്രമിക്കേണ്ടത്. തന്റെതന്നെ ജീവിതത്തിൽ ഈ ശൈലി സ്വന്തമാക്കിക്കൊണ്ടു ജീവിക്കുവാൻ ഓരോ പുരോഹിതനും പരിശ്രമിക്കണം.

**ജീവിതസൂചിക**

1. സമൂഹത്തിലുള്ള വിപരീത സാഹചര്യങ്ങളെ അതിജീവിച്ച് വിശ്വാസജീവിതം നയിക്കുവാൻ ഞാൻ എപ്രകാരം ജനങ്ങളെ പരിശീലിപ്പിക്കുന്നു?
2. വിശുദ്ധിയുടെ മാതൃക നല്കി വിശുദ്ധരുടെ കൂട്ടായ്മയായി സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
3. വിശ്വാസപ്രബോധനം പ്രഥമദൗത്യമായിക്കണ്ട് അജപാലനശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
4. വചനമാകുന്ന കണ്ണാടിയിൽനോക്കി കുറവുകൾ പരിഹരിച്ച് ദൈവമക്കൾക്കടുത്ത ജീവിതം നയിക്കുവാൻ ഞാൻ വിശ്വാസികളെ സഹായിക്കുന്നുണ്ടോ?
5. എന്റെ അജപാലനശുശ്രൂഷ വിശുദ്ധിയുടെയും സ്നേഹത്തിന്റെയും ശുശ്രൂഷയാക്കിത്തീർക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

# അജപാലനോത്തേജന വിഭാഗം

കോവിഡ് – 19 ന്റെ വ്യാപനസാഹചര്യത്തിൽ ഇടവകകൾ ജീവകാരുണ്യപ്രവർത്തനങ്ങൾക്കുൾപ്പെടെ പണം കണ്ടെത്താൻ സാധിക്കാത്തവിധം സാമ്പത്തികപ്രതിസന്ധിയെ നേരിടുകയാണല്ലോ. ആയതിനാൽ ജീവൻ ദശാംശതുക പാസ്റ്ററൽ ആനിമേഷൻ ഓഫീസിൽ എത്തിച്ച ഇടവകകൾക്ക് നിശ്ചിതതുക ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി നല്കുന്നതാണ്.

ചുരുക്കം ചില ഇടവകകൾക്ക് ദശാംശശേഖരണം പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല. ഈ സമയത്ത് ദശാംശശേഖരണം പ്രായോഗികവുമല്ല. എന്നാൽ ഇതിനോടകം സമാഹരിച്ചുകഴിഞ്ഞ തുക ഇടവകയുടെ ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള ട്രാൻസ്ഫർ വഴിയായി നല്കുമല്ലോ. ദശാംശതുക ട്രാൻസ്ഫർ ചെയ്തശേഷം പാസ്റ്ററൽ ആനിമേഷൻ ഓഫീസിൽ (Mob: 96 45 67 4443) അറിയിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

പ്രത്യേക സാഹചര്യത്തിൽ കഴിഞ്ഞ വർഷത്തെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ റിപ്പോർട്ട് സ്വീകരിക്കാതെതന്നെ തുക കൈമാറുന്നുവെങ്കിലും 2019-2020 വർഷത്തെ റിപ്പോർട്ട് panimationkply@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയയ്ക്കുമല്ലോ. ജീവകാരുണ്യപ്രവർത്തന റിപ്പോർട്ടിന്റെ ഫോറം ആവശ്യമെങ്കിൽ PDF ആയി അയച്ചുനല്കുന്നതാണ്.

**Account Details**
Diocese of Kanjirapally
(Fr. Martin Velliamkulam & Fr. Stanly Eapen)
A/C No. 10310100237040
Federal Bank , Kanjirapally Branch
IFSC - FDRL0001031, Mob: 96 45 67 4443.

**ഫാ. സ്റ്റനിസ്ലാവൂസ് പുള്ളോലിക്കൽ**
**ഡയറക്ടർ**

# വിശ്വാസജീവിത പരിശീലനം

സുവാറയിൽ നിന്നും സ്നേഹാന്വേഷണങ്ങൾ

* പുതിയ വിശ്വാസപരിശീലനവർഷം ആരംഭിക്കുന്നതിനൊരുക്കമായി ഈ വർഷം പുതുതായി ചേരുന്ന കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുവാനും 10, 11, 12 ക്ലാസുകളിൽ പരാജയപ്പെട്ട കുട്ടികൾക്ക് ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ പാലിച്ച് ഓരോരുത്തർക്കായി ഇടവകയിൽത്തന്നെ പരീക്ഷ നടത്തുവാനും ശ്രദ്ധിക്കുമല്ലോ.
* ഉത്ഥാനോത്സവ പുസ്തകങ്ങൾ ഇടവകകളിൽ തന്നെ സൂക്ഷിക്കുവാനും അടുത്തവർഷം ഉപയോഗിക്കത്തക്കരീതിയിൽ അവ ആർക്കും വിതരണം ചെയ്യാതെ ഭദ്രമായി വയ്ക്കുവാനും ശ്രദ്ധിക്കുമല്ലോ.

- 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് അടുത്ത ക്ലാസിലേക്ക് പ്രൊമോഷൻ നല്കാവുന്നതാണ്.
- 5 മുതൽ 9 വരെ ക്ലാസുകളിലെ കുട്ടികൾക്കായി പാഠപുസ്തകത്തെയും അതിന്റെ പ്രായോഗികതയെയും ആസ്പദമാക്കി നല്കുന്ന രണ്ടു ചോദ്യങ്ങളുടെ ഉത്തരം എഴുതി വാങ്ങിയശേഷം പ്രൊമോഷൻ നല്കാവുന്നതാണ്.
- പാഠപുസ്തകങ്ങൾ ഓഫീസിൽ സജ്ജമാണ്. ലിസ്റ്റ് നല്കുമല്ലോ. ഇനി വരുമ്പോൾ സൗകര്യം പോലെ അവ വാങ്ങിക്കൊണ്ടുപോകാവുന്നതാണ്.
- ഓരോ ആഴ്ചയും കുട്ടികൾക്കായി പ്രത്യേകം short videos തയ്യാറാക്കി നല്കുന്നതാണ്. മാതാപിതാക്കൾ വഴി അവ അവരിലെത്തിക്കാനും എല്ലാ ഞായറാഴ്ചയും ചെയ്യാൻ നല്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുവാനും ഓർമ്മിപ്പിക്കുമല്ലോ.

- ഈ വർഷം ആദ്യകുമ്പസാരത്തിനും ആഘോഷമായ കുർബാന സ്വീകരണത്തിനുമൊരുങ്ങുന്ന കുട്ടികളെ പ്രാർത്ഥനകൾ പഠിപ്പിക്കുവാനും ഒരുക്കുവാനും വേണ്ട ക്രമീകരണങ്ങൾ മാതാപിതാക്കൾവഴി ചെയ്യുമല്ലോ. പുസ്തകങ്ങൾ ഓഫീസിൽ ലഭ്യമാണ്. ഒരുങ്ങിയ കുട്ടികൾക്ക് ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ പാലിച്ച് കുർബാനസ്വീകരണം നടത്തുന്നതിൽ വികാരിയച്ചന്മാർക്ക് തീരുമാനമെടുക്കാവുന്നതാണ്.
- 10, 12 ക്ലാസുകളിലെ കുട്ടികളുടെ റിസൽറ്റ് ഏപ്രിൽ 5-ാം തീയതി പ്രസിദ്ധീകരിച്ചു. 12-ാം ക്ലാസിൽ പരീക്ഷയെഴുതിയ 2095 കുട്ടികളിൽ 23 പേരൊഴികെ 2072 കുട്ടികളും 10-ാം ക്ലാസിൽ പരീക്ഷയെഴുതിയ 2206 കുട്ടികളിൽ 38 പേരൊഴികെ 2168 കുട്ടികളും വിജയിച്ചു. പരാജയപ്പെട്ട കുട്ടികൾക്കും പരീക്ഷ എഴുതാത്തവർക്കും ഇടവകയിൽ വച്ചു തന്നെ റീ എക്സാം നടത്താവുന്നതാണ്. Whats app/Email വഴി ചോദ്യങ്ങൾ അയച്ചു നല്കാനാവും.

**12-ാം ക്ലാസിൽ ആദ്യസ്ഥാനങ്ങൾ കരസ്ഥമാക്കിയവർ**

I. ക്ലാര തോമസ് മാതൃശ്ശേരിൽ, കാഞ്ഞിരപ്പള്ളി

II. മരിയ മുക്കുങ്കൽ, കുമളി

III. റോസ് മാർട്ടിൻ കറുകപ്പള്ളിൽ, കാഞ്ഞിരപ്പള്ളി

IV. അന്ന തോമസ് മാതൃശ്ശേരിൽ, കാഞ്ഞിരപ്പള്ളി
അന്നമ്മ ഈരൂരിക്കൽ, തുലാപ്പള്ളി
എലിസബത്ത് മുക്കാട്ട്, മേലോരം
മരിയ വടക്കേപ്പറമ്പിൽ, വലിയതോവാള
തോമസ്കുട്ടി മാത്യു കല്ലറയ്ക്കൽ, ഇളങ്ങോയി
മരിയ വർക്കിച്ചൻ ചൂനാട്ട്, മുണ്ടക്കയം
കാതറിൻ ഷന്താൾ ജോസി, ആലക്കുളം, ഇഞ്ചിയാനി
റോസ് വടക്കേൽ, പൊടിമറ്റം

**10–ാം ക്ലാസിൽ ആദ്യസ്ഥാനങ്ങൾ കരസ്ഥമാക്കിയവർ**

I. തെരേസ ജോസഫ് വെള്ളാപ്പാണിയിൽ, ഇളങ്ങുളം

II. എലിസബത്ത് തോമസ് കടവുമ്മനാൽ, തേർഡ്ക്യാമ്പ്

III. ട്രീസാ മരിയ ചേന്നാട്ട്, കണ്ണിമല

IV. മറിയം വെട്ടിക്കൽ, പൊടിമറ്റം

ട്രീസാ വെട്ടിക്കൽ, പൊടിമറ്റം

എലിസബത്ത് ഇളംതുരുത്തിയിൽ, കപ്പാട്

ആൻസ് കൊണ്ടാട്ടുകുന്നേൽ, കൊല്ലമുള

എലിസബത്ത് കണയങ്കൽ, കുമളി

സാറാ നെല്ലിമല പടിഞ്ഞാറേതിൽ, ആനിക്കാട്

റോസ് വളകൊടിയിൽ, മുക്കൂട്ടുതറ

സഖറിയാസ് ജോസഫ് വളകൊടിയിൽ, ഇളങ്ങുളം

ട്രീസാ അയ്യനോലിൽ, ചെന്നാക്കുന്ന്

ചെറിയാൻ നരിപ്പാറ, ആനക്കല്ല്

സോഫിയ പുഞ്ചക്കുന്നേൽ, ആനക്കല്ല്

തോമസ് എലിക്കുളം തകടിയേൽ, നെയ്യാട്ടുശ്ശേരി

ക്രിസ്റ്റീന പുലിയുറുമ്പിൽ, നെയ്യാട്ടുശ്ശേരി

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

ചെറുപുഷ്പമിഷൻലീഗിന്റെ പ്രവർത്തനവർഷ ഉദ്ഘാടനം (online) മെയ് 24-ാം തീയതി കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി നിർവഹിച്ചു. മിഷൻലീഗ് മാനുവൽബുക്ക് പൂരിപ്പിക്കുവാനും മിഷൻ 2020 തുടങ്ങിയ കർമപദ്ധതികളിൽ പങ്കുകാരാകാനും കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**ഫാ. സ്കറിയ മറ്റത്തിൽ**
**അസി. ഡയറക്ടർ**

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**



# ബൈബിൾ അപ്പോസ്തലേറ്റ്

ലോഗോസ് ക്വിസിന്റെ സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും ഓഫീസിൽ സജ്ജമാണ്. പാഠപുസ്തകങ്ങളോടൊപ്പം ഇടവകകളിലേക്ക് അവ കൊണ്ടുപോകാവുന്നതാണ്.

**21–ാമത് ലോഗോസ് ക്വിസ്**

ജൂൺ 1 മുതൽ ഇടവകകളിലെ ടെക്സപ്പോട്ട്ട്ഴ്സ് വഴി ലോഗോസ് ക്വിസ്സിൽ പങ്കെടുക്കാനുള്ളവരുടെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഈ വർഷത്തെ ലോഗോസ് പഠനഭാഗം

നിയമാവർത്തനം 22 മുതൽ 34 വരെ അധ്യായങ്ങൾ

പ്രഭാഷകൻ 18 – 22 വരെ അധ്യായങ്ങൾ

1 കൊറിന്തോസ് 1–8 വരെ അധ്യായങ്ങൾ

മർക്കോസ് 1–8 വരെ അധ്യായങ്ങൾ

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്.എം.വൈ.എം.)

**നല്ല സമറായൻ കൺട്രോൾ റൂം**

കൊറോണ വൈറസിന്റെ വ്യാപന പശ്ചാത്തലത്തിൽ ഇന്ത്യൻ ഗവൺമെന്റ് ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ കാഞ്ഞിരപ്പള്ളി രൂപതയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ 'നല്ല സമറായൻ കൺട്രോൾ റൂം' ആരംഭിച്ചു. ഗവൺമെന്റിന്റെ ലോക്ക്ഡൗൺ വ്യവസ്ഥകൾ കൃത്യമായി പാലിച്ചുകൊണ്ട് രൂപത, വിവിധ ഫൊറോനാകൾ, എസ്.എം.വൈ.എം. യൂണിറ്റുകൾ എന്നിവിടങ്ങളിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ സഹായം ആവശ്യമുള്ളവർക്ക് അവരുടെ താമസസ്ഥലം കണ്ടെത്തി അവിടെയുള്ള എസ്.എം.വൈ.എം. യൂണിറ്റ് എക്സിക്യൂട്ടീവ് വഴി സഹായം വീടുകളിൽ എത്തിച്ചു.

**Words of Survival - അതിജീവനത്തിന്റെ വാക്കുകൾ**

അറിവ് സമ്പാദിക്കുക, അറിവ് നേടാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനായി 5 മുതൽ 9 വരെയുള്ള ക്ലാസുകളിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് മാർച്ച് 15 മുതൽ 30 വരെയുള്ള ദിവസങ്ങളിൽ ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളിൽ പ്രസംഗമത്സരം നടത്തി. എല്ലാ ദിവസവും തിരഞ്ഞെടുത്ത മികച്ച പ്രസംഗങ്ങൾ രൂപതയുടെ നസ്രാണി യുവശക്തി ഔദ്യോഗിക യൂട്യൂബ് ചാനലിൽ അപ്ലോഡ് ചെയ്യുകയും ആകർഷകമായ സമ്മാനം നൽകുകയും ചെയ്തു.

**Design Kerala**

രൂപത സെനറ്റ് അംഗങ്ങളായ എല്ലാ ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾക്കുമായി കോവിഡാനന്തര കേരളത്തിനായുള്ള idea challenge മത്സരം നടത്തി. ഏപ്രിൽ 17 നും 29 നും ഇടയിലുള്ള 7 ദിവ

സങ്ങളിലായി 7 തലങ്ങളിൽ നിന്നുള്ള ആശയങ്ങളാണ് പങ്കുവച്ചത്. മികച്ച ആശയം പങ്കുവച്ച 10 പേർക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകി.

**International Nurse's Day**

മെയ് 12-ന് International Nurse's Day-യോട് അനുബന്ധിച്ച് രൂപതയുടെ സഹോദരസ്ഥാപനമായ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ ഡോക്ടർമാരെയും നഴ്സുമാരെയും സന്ദർശിക്കുകയും രൂപതാ എസ്.എം.വൈ.എം. സെക്രട്ടറി മരിയ ആശംസ അറിയിക്കുകയും ചെയ്തു.

**Online Competitions and Programs**

ലോക്ക്ഡൗൺ ആസ്വാദ്യകരവും വിജ്ഞാനപ്രദവുമാക്കാൻ വേണ്ടി ഫൊറോനാകളുടെ നേതൃത്വത്തിൽ NEK FM, D2D Check up, വക്താവ് 2K20, Qyamta Bible Quiz പോലെയുള്ള വിവിധങ്ങളായ മത്സരങ്ങളും പരിപാടികളും സംഘടിപ്പിച്ചു.

## മതസ്പർധയുണ്ടാക്കുന്ന ന്യൂസ് വെബ് പോർട്ടൽ ബ്ലോക്ക് ചെയ്യാൻ ഹൈക്കോടതി ഉത്തരവ്

ക്രൈസ്തവ സമുദായത്തെയും വിശ്വാസത്തെയും പരിശുദ്ധ മറിയത്തെയും അവഹേളിച്ചുകൊണ്ടുള്ള ലേഖനം ന്യൂസ് വെബ് പോർട്ടലിൽ പ്രസിദ്ധീകരിച്ചെന്നാരോപിച്ച് ഇടുക്കി കാഞ്ചിയാർ സ്വദേശിയും കെ.സി.വൈ.എം. സംസ്ഥാന സിൻഡിക്കേറ്റ് അംഗവും മുൻ എസ്.എം.വൈ.എം. പ്രസിഡന്റും ഇപ്പോൾ എസ്.എം.വൈ.എം. കൗൺസിലറും ആയ ജോമോൻ പൊടിപാറ നൽകിയ ഹർജിയിൽ മതസ്പർധ ഉളവാക്കുന്ന തരത്തിൽ വാർത്ത നൽകിയ ന്യൂസ് വെബ് പോർട്ടൽ ബ്ലോക്ക് ചെയ്യാൻ ഹൈക്കോടതി ഉത്തരവ്. സംസ്ഥാന ആഭ്യന്തര സെക്രട്ടറി, എഡിജിപി (ക്രൈം സൈബർ സെൽ) എന്നിവർ വെബ് പോർട്ടൽ ബ്ലോക്ക് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നും ഇടക്കാല ഉത്തരവിൽ പറയുന്നു.

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

# മാതൃവേദി

**പദപ്രശ്നം**

- ലോഗോസ് ക്വിസിനും മാതൃവേദി ക്വിസിനും ഒരുങ്ങാൻ അമ്മ മാരെ സഹായിക്കുന്നതിനുവേണ്ടി രൂപതാ മാതൃവേദി പദപ്രശ്ന മത്സരം സംഘടിപ്പിക്കുന്നു. ഭാരവാഹികളുടെ വാട്ട്സ്ആപ്പ് ഗ്രൂപ്പു കളിലൂടെയാണ് പദപ്രശ്നം അമ്മമാരിൽ എത്തിക്കുന്നത്.
- നിയമാവർത്തനം 22-34, പ്രഭാഷകൻ 18 -22, വി. മർക്കോസ് 1-8, 1 കൊറിന്തോസ് 1-8, പാസ്റ്ററൽ ആനിമേഷൻ ഡിപ്പാർട്ട്മെന്റ് പുറ ത്തിറക്കിയിരിക്കുന്ന ആരാധനാവത്സര കലണ്ടർ 2020 എന്നീ ഭാഗ ങ്ങളിൽ നിന്നാണ് ചോദ്യങ്ങൾ
- ഓരോ പദപ്രശ്നത്തിനും ശരി ഉത്തരം അയക്കുന്നവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്കും എല്ലാ പദപ്രശ്നങ്ങൾക്കും ശരി യുത്തരം അയക്കുന്നവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്കും സമ്മാനങ്ങൾ ഉണ്ടായിരിക്കും.
- നിശ്ചിത തീയതിക്കുള്ളിൽ തന്നിരിക്കുന്ന വാട്ട്സാപ്പ് നമ്പരിലേക്ക് ശരിയുത്തരങ്ങൾ അയച്ചുതരികയാണ് വേണ്ടത്.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# വൊക്കേഷൻ ബ്യൂറോ

- ഈ വർഷം മൈനർ സെമിനാരിയിൽ പ്രവേശനം ലഭിക്കുവാൻ ആഗ്രഹിക്കുന്ന യോഗ്യതയുള്ള കുട്ടികളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ മൈനർ സെമിനാരിയുടെ പെരിയ ബഹു. റെക്ടർ അച്ചനെ ഏല്പ്പിക്കണമെന്ന് താത്പര്യപ്പെടുന്നു. സെമിനാരിയിൽ നിന്ന് അവരെ നേരിട്ട് ഇന്റർവ്യൂ നടത്തുന്നതായിരിക്കും.
- സ്കൂളുകളും കോളേജുകളും തുറക്കുന്നത് അനുസരിച്ചായിരിക്കും മൈനർ സെമിനാരിയിൽ പുതിയ അദ്ധ്യയനവർഷം ആരംഭിക്കുക.

**ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ**
**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

## ഏപ്രിൽ മാസം

### കൃപാഭിഷേകം ആദ്യശനി ഓൺലൈൻ ബൈബിൾ കൺവൻഷൻ

2020 ഏപ്രിൽ 4 ന് രാവിലെ 9 മണി മുതൽ വൈകുന്നേരം 03 മണിവരെ ആദ്യശനി ബൈബിൾ കൺവൻഷൻ ഓൺലൈനായി നടന്നു. സ്ലീവാപാത, വചനപ്രഘോഷണം, ദിവ്യകാരുണ്യാരാധന, ആഘോഷമായ വി. ബലിയർപ്പണം എന്നിവ ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ നടന്നു.

### ഓൺലൈൻ ശുശ്രൂഷ

എല്ലാ ദിവസവും വൈകിട്ട് 6 മണിക്കു ആഘോഷമായ വി. കുർബാനയും തുടർന്ന് ദിവ്യകാരുണ്യാരാധനയും നടന്നുവരുന്നു. റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ജോസഫ് പൊയ്യാനിയിൽ, റവ. ഫാ. മനു പുത്തൻവീട്ടിൽ എന്നിവർ ദിവസേനയുള്ള തിരുക്കർമ്മങ്ങൾക്കു നേതൃത്വം നല്കുന്നു.

## മേയ് മാസം

### കൃപാഭിഷേകം ആദ്യശനി ഓൺലൈൻ ബൈബിൾ കൺവൻഷൻ

2020 മേയ് 02 ന് രാവിലെ 9 മണി മുതൽ വൈകുന്നേരം 03 മണിവരെ ആദ്യശനി ബൈബിൾ കൺവൻഷൻ ഓൺലൈനായി നടന്നു. സ്ലീവാപാത, വചനപ്രഘോഷണം, ദിവ്യകാരുണ്യാരാധന, ആഘോഷമായ വി. ബലിയർപ്പണം എന്നിവ ധ്യാന

കേന്ദ്രം ഡയറക്ടർ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ നടന്നു.

**ഓൺലൈൻ ബൈബിൾ കൺവൻഷൻ**

2020 മേയ് 15-17 വരെയും മേയ് 29-31 വരെയും ഓൺലൈൻ ബൈബിൾ കൺവൻഷൻ നടത്തപ്പെട്ടു. വി. കുർബാനയും മറ്റു പ്രാർത്ഥനകളും ദൈവവചനപ്രഘോഷണവും ബഹു. ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**ഓൺലൈൻ ശുശ്രൂഷ**

എല്ലാ ദിവസവും വൈകിട്ട് 5 മണിക്കു സ്ലീവാപാതയും ജപമാലയും തുടർന്ന് ആഘോഷമായ വി. കുർബാനയും ദിവ്യകാരുണ്യാരാധനയും നടന്നുവരുന്നു. റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ജോസഫ് പൊയ്യാനിയിൽ, റവ. ഫാ. മനു പുത്തൻവീട്ടിൽ എന്നിവർ ദിവസേനയുള്ള തിരുക്കർമ്മങ്ങൾക്കു നേതൃത്വം നല്കി.

**മധ്യസ്ഥപ്രാർത്ഥനാ സഹായം**


2020 മേയ് 18 മുതൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 5 വരെ മധ്യസ്ഥ പ്രാർത്ഥനകൾക്കായി ഫോണിലൂടെ ആവശ്യപ്പെടുന്നതിനായി സൗകര്യം ക്രമീകരിച്ചിട്ടുണ്ട്. വിളിക്കേണ്ട ഫോൺ നമ്പറുകൾ 730 60 65 493, 730 60 86 060, 730 60 55 176, 952 60 22 215

**മിഷണറീസ് ഓഫ് ഗ്രേസ്**

2020 -2021 വർഷത്തിൽ മിഷണറീസ് ഓഫ് ഗ്രേസ് ഫോർ വേൾഡ് ഇവാഞ്ചലൈസേഷൻ എന്ന പ്രേഷിത പരിശീലന പ്രോഗ്രാമിലേക്ക് വരാൻ ആഗ്രഹിക്കുന്ന ഡിഗ്രി, പോസ്റ്റ് ഗ്രാജുവേഷൻ കഴിഞ്ഞ യുവതിയുവാക്കൾ ധ്യാനകേന്ദ്രം ഓഫീസിൽ പേരു നല്കേണ്ടതാണ്.

വിശദാംശങ്ങൾക്കായി ഈ ഫോൺ നമ്പർ ഉപയോഗപ്പെടുത്തുമല്ലോ. 730 60 48 268

**ഫാ. ഡോമിനിക്ക് വാളന്മനാൽ**
**ഡയറക്ടർ**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- സി. ക്രിസ്റ്റിയുടെ സഹോദരൻ റവ. ഫാ. ജോസ് തെക്കേലിന്റെ നിര്യാണത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. എലിസബത്ത് സാലിയും കൗൺസിലേഴ്സും അനുശോചനം അറിയിക്കുകയും മൃതസംസ്ക്കാരശുശ്രൂഷയിൽ സംബന്ധിക്കാൻ സാധ്യമല്ലാത്തതിനാൽ MMT ആശുപത്രിയിൽ പോയി കാണുകയും പ്രാർത്ഥിക്കുകയും ചെയ്തു.
- കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ മറ്റു പൊതുപ്രവർത്തനങ്ങൾ സാധ്യമല്ലാത്തതിനാൽ സിസ്റ്റേഴ്സ് കൃഷികാര്യങ്ങളിൽ കൂടുതൽ വ്യാപൃതരായിരുന്നു.
- റവ. ഫാ. ജോസ് പുത്തൻകടുപ്പിലിന്റെ നിര്യാണത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. എലിസബത്ത് സാലിയും കൗൺസിലേഴ്സും അനുശോചനം അറിയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.
- കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനസർക്കാർ റേഷൻകടവഴി നല്കുന്ന സൗജന്യ ഭക്ഷണകിറ്റ് വിതരണത്തിന്റെ ഭാഗമായി പാറത്തോട് പഞ്ചായത്തിനോട് അനുബന്ധിച്ച് ഗ്രേസി മെമ്മോറിയൽ സ്കൂളിൽ നടന്ന ഭക്ഷണകിറ്റ് നിർമ്മാണപ്രവർത്തനങ്ങളിൽ സിസ്റ്റേഴ്സ് സഹായിച്ചു.
- സാമൂഹ്യക്ഷേമപ്രവർത്തകർക്കും സന്നദ്ധസംഘടനാംഗങ്ങൾക്കും നിർധനരായ കുടുംബങ്ങൾക്കും വിവിധ മഠങ്ങളിൽ നിന്നും ഭക്ഷണപൊതികൾ, മാസ്ക്, സാനിറ്റൈസർ, ഭക്ഷ്യധാന്യകിറ്റുകൾ എന്നിവ വിതരണം ചെയ്തു.
- പാറത്തോട് പഞ്ചായത്തിലെ ആരോഗ്യക്ഷേമ പ്രവർത്തകർക്ക് രണ്ടായിരത്തോളം മാസ്ക് നിർമ്മിച്ചു നല്കി.

- പൊടിമറ്റം, കാഞ്ഞിരപ്പള്ളി സാരഥി അംഗങ്ങൾക്കും നിർധന രായ കുടുംബങ്ങൾക്കും ഭക്ഷണസാധനകിറ്റുകൾ, മാസ്ക് ഇവ വിതരണം ചെയ്തു.
- വള്ളക്കടവ് സ്നേഹസദൻ സ്കൂൾ കെട്ടിടത്തിന്റെ ഒരു ഭാഗം കട്ടപ്പന മുനിസിപ്പാലിറ്റിയോട് അനുബന്ധിച്ചുള്ള ആരോഗ്യക്ഷേ മപ്രവർത്തകർക്ക് താമസിക്കുന്നതിനായി നല്കി.
- സി. മരീനാ പുത്തൻപുരയ്ക്കലിന്റെ പിതാവിന്റെ സംസ്ക്കാര ശുശ്രൂഷയിലും, സി. ജീസാ റോസിന്റെ അമ്മയുടെ സംസ്ക്കാ രശുശ്രൂഷയിലും പ്രൊവിൻഷ്യൽ സുപ്പീരിയറും കൗൺസി ലേഴ്സും സംബന്ധിച്ചു.
- 2020 മെയ് 15 ന് ആസ്പിരൻസ് പ്ലാച്ചേരി മഠത്തിൽ പോസ്റ്റു ലൻസിയിൽ പ്രവേശിച്ചു.
- കോവിഡ് 19 മഹാമാരിയിൽ നിന്നും മോചനം ലഭിക്കുന്നതിന് രോഗികൾക്കും രോഗീശുശ്രൂഷകർക്കും ആരോഗ്യപ്രവർത്ത കർക്കുംവേണ്ടി പ്രോവിൻസിലെ വിവിധ മഠങ്ങളിൽ തുടർച്ച യായി അഖണ്ഡജപമാലയും ആരാധനയും നടത്തുന്നു.
- പ്രൊവിൻസിന്റെ റൂബി ജൂബിലി ആഘോഷപരിപാടികൾ ഒന്നും ഇല്ലാതെ ലളിതമായും പ്രാർത്ഥനാനിർഭരമായും നടത്തി. എല്ലാ മഠങ്ങളിലും പ്രത്യേക ആരാധന നടത്തി പ്രൊവിൻസിനുവേണ്ടി പ്രാർത്ഥിച്ചു.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- കോവിഡ് -19 രോഗബാധയെ തുടർന്ന് രാജ്യം ലോക്ക്ഡൗൺ ആയതിനാൽ സിസ്റ്റേഴ്സ് എല്ലാവരും സ്വഭവനങ്ങളിൽ ആയി രുന്ന് പരിഹാര ആരാധന, ജപമാല, ആത്മീയ ഉണർവ്വിനായുള്ള പരിപാടികൾ, പച്ചക്കറി, പൂന്തോട്ട നിർമ്മാണം എന്നിവയിൽ വ്യാപൃതരായി.
- സാധുക്കളായ ജനങ്ങൾക്കുവേണ്ടി ചിറക്കടവ് പഞ്ചായത്തടി സ്ഥാനത്തിൽ പൊൻകുന്നത്ത് നടത്തുന്ന കമ്യൂണിറ്റി കിച്ച ണിൽ 150 പേർക്ക് ഭക്ഷണപ്പൊതി നൽകി. ഇവർക്കുള്ള ഭ ക്ഷണം ഉണ്ടാക്കുന്നതിലും, പൊതുവിതരണത്തിലും സമൂഹ്യ

പ്രവർത്തകർ, പഞ്ചായത്ത് മെമ്പർ തുടങ്ങിയവരോടൊപ്പം സിസ്റ്റേഴ്സും പങ്കെടുത്തു.

- ഹോളി എയ്ഞ്ചൽസ് കോളേജിൽ നിന്നും സി. മേഴ്സി വളയത്തിന്റെ നേതൃത്വത്തിൽ പാറമട കോളനിനിവാസികൾക്ക് 500 രൂപയുടെ ഭക്ഷണ കിറ്റ് വിതരണം ചെയ്തു.
- ചിറക്കടവ് പഞ്ചായത്തിൽപ്പെട്ട വീടുകളിൽ വിതരണം ചെയ്യുന്നതിന് ആവശ്യമായ മാസ്ക്കുകൾ പ്രൊവിൻഷ്യൽ ഹൗസിലും, ഇടക്കുന്നം മഠത്തിലുമായി സിസ്റ്റേഴ്സ് നിർമ്മിച്ചു. വാർഡ് മെമ്പർ ശ്രീമതി റോസമ്മ ടീച്ചർ പ്രൊവിൻഷ്യലമ്മയിൽ നിന്ന് മാസ്ക്കുകൾ ഏറ്റുവാങ്ങി.
- മാർച്ച് 4 ന് ബഹുമാന്യനായ എം.പി ശ്രീ ആന്റോ ആന്റണി പ്രൊവിൻഷ്യൽ ഹൗസിൽ എത്തുകയും മാസ്ക്കുകൾ നിർമ്മിച്ചു നൽകുന്നതിൽ സഹകരിച്ചതിന് സിസ്റ്റേഴ്സിനെ അഭിനന്ദിച്ച് മാസ്ക്ക് വിതരണം നടത്തുകയും ചെയ്തു.
- ചിറക്കടവ് പഞ്ചായത്തിലെ നിർദ്ധനരായ രോഗികൾക്ക് കോവിഡുകാലത്ത് മരുന്ന് വാങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നു.
- പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ട പ്രൊവിൻഷ്യൽസ് മീറ്റിംഗിൽ ബഹു. പ്രൊവിൻഷ്യലമ്മ സംബന്ധിച്ചു. സന്ന്യാസ പൗരോഹിത്യ ജീവിതത്തെ അപലപിച്ച് പ്രസിദ്ധീകരണം നടത്തിയവർക്കെതിരെ നടപടി എടുക്കാൻ സഹകരിച്ചു.
- ലേഖനങ്ങളിലൂടെയും, കവിതകളിലൂടെയും സന്ന്യാസസമർപ്പണ ജീവിതമൂല്യം ഉയർത്തിക്കാട്ടാൻ സിസ്റ്റേഴ്സിന് ഈ കാലയളവിൽ സാധിച്ചു.
- മാർച്ച് 9-ന് പൊൻകുന്നം സാരഥി യൂണിറ്റിലെ 43 കുടുംബങ്ങൾക്ക് 10 kg ഭക്ഷണസാധനങ്ങളടങ്ങിയ കിറ്റ് പ്രൊവിൻഷ്യൽ ഹൗസിൽ നിന്നും ബഹു. പ്രൊവിൻഷ്യലമ്മ വിതരണം ചെയ്തു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- ഇടുക്കി രൂപതാ ബിഷപ്പ് എമിരറ്റസ് മാർ മാത്യു ആനിക്കുഴിക്കാട്ടിലിന്റെ രോഗാവസ്ഥയിൽ, പിതാവിനെ ആശുപത്രിയിലെത്തി സന്ദർശിച്ചു.
- ഇടുക്കി രൂപതാ ബിഷപ്പ് എമിരറ്റസ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുകയും പ്രത്യേക ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.
- ലോക്ക്ഡൗൺ മൂലം ക്ലേശിച്ച 25 കുടുംബങ്ങൾക്ക് ഒരുമാസത്തേക്കുള്ള പലചരക്ക് സാധനങ്ങൾ ഉൾപ്പെടുന്ന കിറ്റുകൾ നൽകി.
- KCMS വഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകി.
- ദൈവാലയ നിർമ്മാണത്തിന് ധനസഹായം നൽകി.
- ക്യാൻസർ ബാധിതനായ ഒരു വ്യക്തിക്ക് ചികിത്സാസഹായം നൽകി.
- ഭവനരഹിതനായ ഒരു വ്യക്തിക്ക് ഭവനം നിർമ്മിച്ച് നൽകി.
- കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ചുനടന്ന മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ ബഹു. സുപ്പീരിയർ ജനറലിന്റെ പ്രതിനിധിയായി സി. ജോസ്ന മരിയ പങ്കെടുത്തു.
- ലോക്ക്ഡൗൺ ദിനങ്ങൾ പ്രാർത്ഥനാ ദിനങ്ങളായി ആചരിച്ചു.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- വഞ്ചിമല ഇടവകയിൽ നടന്ന ഫാ. ജോസ് തെക്കേലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ സി. ട്രീസാ അല്ലേശ്, സി. എലിസബത്ത് മേരി എന്നിവർ പങ്കെടുത്തു.
- ഏപ്രിൽ 30-ന് 7 ജൂണിയർ സിസ്റ്റേഴ്സ് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് തങ്ങളുടെ വ്രതവാഗ്ദാനം നടത്തി.
- മെയ് 11-15 വരെ കാരിസം ധ്യാനം പ്രൊവിൻഷ്യൽ ഹൗസിൽ നടന്നു.
- പാലായിൽ നടന്ന മീറ്റിംഗിൽ തിരുഹൃദയസന്യാസിനീ സമൂഹസ്ഥാപകൻ ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെ

85-ാമത് ചരമദിനാചരണ ആലോചനായോഗത്തിൽ പ്രെവിൻഷ്യൽ സുപ്പീരിയർ സി.മേരി ഫിലിപ്പ് എസ്.എച്ച് പങ്കെടുത്തു.

- കൂവപ്പള്ളി മഠത്തിൽ വിശ്രമജീവിതത്തിലായിരുന്ന സി. ഫ്രാങ്കോയിൻ ട്രീസാ 15/05/2020 നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മൃതസംസ്കാര ശുശ്രൂഷകൾ 16/05/2020-ന് കാഞ്ഞിരപ്പള്ളി രൂതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു.
- കോവിഡ് 19, സന്യാസ ജീവിതത്തിനെതിരായ ആരോപണങ്ങൾ തുടങ്ങിയ ആനുകാലിക പ്രശ്നങ്ങളെക്കുറിച്ചു ചർച്ച ചെയ്യാൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സിനായി നടന്ന സമ്മേളനത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. മേരി ഫിലിപ്പ് എസ്.എച്ച്. പങ്കെടുത്തു.
- മേയ് 23-ന് പ്രെവിൻഷ്യൽ ഹൗസിൽ വച്ച് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലുള്ള ദിവ്യബലിമദ്ധ്യേ നോവിസസായ അഞ്ജു തോമസ് മൂഴയിൽ - സിസ്റ്റർ അഞ്ജു ആൻ എസ്.എച്ച്, ജ്യോതിസ് ആന്റണി ചിന്താർമണിയിൽ - സിസ്റ്റർ ജ്യോതിസ് മരിയ എസ്എച്ച് എന്നിവർ സഭാവസ്ത്രം സ്വീകരിച്ച് തങ്ങളുടെ ആദ്യവ്രത സമർപ്പണം നടത്തി.
- കോവിഡ് - 19 അടിയന്തിര സാഹചര്യങ്ങളിൽ ജോലി നഷ്ടപ്പെട്ട ആനിക്കാട് കോളനിയിലെ 54 നിർധന കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്തു.
- കാറ്റാടിക്കവല, ചപ്പാത്ത് എന്നിവിടങ്ങളിലെ സാരഥി ഓട്ടോ ഡ്രൈവേഴ്സ് യൂണിറ്റുകളിലെ എല്ലാ ഡ്രൈവേഴ്സിന്റെയും (35) കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യകിറ്റുകളും അമലഗിരി സാരഥി യൂണിറ്റിലെ അംഗങ്ങൾക്ക് (11) 1000 രൂപ വീതം അടിയന്തിര ധനസഹായവും വിതരണം ചെയ്തു.
- രൂപതയിലെ കെ.സി.വൈ.എം.-മായി സഹകരിച്ചു 1450 മാസ്കുകൾ വിതരണം ചെയ്തു.
- രൂപതയിലെ നിർധനരായ ക്യാൻസർ രോഗികളും കിടപ്പുരോഗികളുമായ 106 ആളുകളുടെ കുടുംബങ്ങൾക്ക് 1000 രൂപ വീതം അടിയന്തിര ധനസഹായവും ഭക്ഷ്യധാന്യകിറ്റുകളും നൽകി.

- പൊടിമറ്റം പുൽക്കുന്ന് കോളനിയിൽ 100 ഭക്ഷ്യധാന്യകിറ്റുകളും പാറത്തോട് പഞ്ചായത്തുമായി സഹകരിച്ചു അംബേദ്കർ കോളനിയിൽ 36 കിറ്റുകളും വിതരണം ചെയ്തു.
- തമ്പലക്കാട് ഇടവകയിൽ 25 ഭക്ഷ്യധാന്യകിറ്റുകൾ വിതരണം ചെയ്തു.
- കറിക്കാട്ടൂർ ഇടവകയിലുള്ള 25 നിർധന കുടുംബങ്ങൾക്കുള്ള ഭക്ഷ്യധാന്യ കിറ്റുകൾ വികാരി ഫാ. ജോസുകുട്ടി ഇടത്തിനകത്തിനു കൈമാറി.
- മോചന അൽക്കഹോളിക് അനോണിമസ് ഗ്രൂപ്പിലെ 24 കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യകിറ്റുകളും 500 രൂപ വീതം ധനസഹായവും നൽകി.
- പാറത്തോട് മേഖലയിലുള്ള 12 നിർധന കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യകിറ്റുകൾ വിതരണം ചെയ്തു.

**സി. റ്റെസി മരിയ FCC**
**സെക്രട്ടറി**

**സി. ജോയി മരിയ S.H.**
**കോഡിനേറ്റർ**

## സ്നേഹസ്മരണയ്ക്ക്



**സി. ബോനി മരിയ** F.C.C.
**പാലക്കുടിയിൽ**

ജനനം : 20.06.1935
ആദ്യവ്രതം : 01.06.1955
മരണം : 09.05.2020



**സി. ഫ്രാങ്കോയിൻ ട്രീസ** S.H.

ജനനം : 03.10.1941
നിത്യവ്രതം : 31.05.1965
മരണം : 15.05.2020

# കെ.സി.എസ്.എൽ.

- മാർച്ച് മാസം 13-ാം തീയതി നടത്തിയ രൂപതാതല നന്മക്കളരി ക്വിസ് മത്സരത്തോടുകൂടി 2019 - 20 അദ്ധ്യയന വർഷത്തിലെ കെ.സി.എസ്.എൽ. പ്രവർത്തനങ്ങൾ സമാപിച്ചു.
- ലോക്ക്ഡൗൺ ആയതിനാൽ നടത്തേണ്ടിയിരുന്ന ക്യാമ്പുകൾ മാറ്റി വച്ചു.

**ഓൺലൈൻ വർക്ക്ഷോപ്പ്**

- ലോക്ക്ഡൗണിന്റെ ഭാഗമായി ഭവനത്തിലായിരിക്കുന്ന വിദ്യാർത്ഥികൾക്കായി കാഞ്ഞിരപ്പള്ളി രൂപത കെ.സി.എസ്.എൽ. ഡിപ്പാർട്ട്മെന്റ് വിവിധ ഓൺലൈൻ മത്സരങ്ങൾ സംഘടിപ്പിച്ചു.
- സങ്കീർത്തനപഠനം, ദൈവവചനപഠനങ്ങൾ, ചിത്രരചന മത്സരം, കോവിഡ് - 19 നെ പ്രതിരോധിക്കുന്നതിനെപ്പറ്റി 3 മിനിറ്റ് ദൈർഘ്യമുള്ള വീഡിയോകൾ, Tongue twists test എന്നിവ നടത്തിവരുന്നു.
- വിവിധ സ്കൂളുകളിൽ നിന്നായി 300 - ഓളം കുട്ടികൾ പങ്കെടുക്കുന്നു.
- അടുത്ത അദ്ധ്യയന വർഷത്തിലെ വിവരങ്ങൾ ടീച്ചേഴ്സിനെ വാട്ട്സ്ആപ്പ് വഴി അറിയിക്കുന്നതാണ്.

**ഫാ. തോമസ് നരിപ്പാറയിൽ**
**ഡയറക്ടർ**

# കത്തോലിക്കാ കോൺഗ്രസ്
# (A.K.C.C.)

**ലോക്ക്ഡൗൺകാല പ്രവർത്തനങ്ങൾ**

കോവിഡ് – 19 മായി ബന്ധപ്പെട്ട് ഗവൺമെന്റ് ഏർപ്പെടുത്തിയ ലോക്ക്ഡൗൺ കാലം കത്തോലിക്കാ കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപതാസമിതി വളരെ ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ പ്രയോജനകരമാക്കിമാറ്റി. സർക്കാർ ഏർപ്പെടുത്തിയ നിബന്ധനകൾക്കനുസൃതമായി സാമൂഹിക അകലം പാലിച്ചുകൊണ്ടും സ്വഭവനങ്ങളിലിരുന്ന് നവമാധ്യമങ്ങൾ വഴിയായും ഉള്ള പ്രവർത്തനങ്ങൾ ശ്രദ്ധേയമായി.

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽസമിതി ആവിഷ്കരിച്ച 'വീട്ടിലിരിക്കാം, പച്ചക്കറി നടാം' എന്ന പദ്ധതിയുടെ ഭാഗമായുള്ള 'ഏദൻതോട്ടമത്സരം' മാർച്ച് 25 മുതൽ രൂപതയിലെ എല്ലാ യൂണിറ്റുകളും ഏറ്റെടുത്ത് പച്ചക്കറി കൃഷി ആരംഭിച്ചു. ഇതിനാവശ്യമായ പച്ചക്കറിവിത്തുകളും തൈകളും രൂപതാസമിതി വിതരണം ചെയ്തു. ഒന്നാം സമ്മാനം 50,000/- രൂപ, രണ്ടാം സമ്മാനം 25,000/- രൂപ, മൂന്നാം സമ്മാനം 10,000/- രൂപ വീതം 10 പേർക്ക് വീതം നൽകുന്ന മത്സരം എല്ലാ രൂപതകളിലും ഊർജ്ജിതമായി നടന്നുവരുന്നു. അതോടൊപ്പം തന്നെ രൂപതാസമിതിയുടെ അടുക്കളത്തോട്ടമത്സരവും നടക്കുന്നുണ്ട്.

ലോക്ക്ഡൗൺ ആരംഭിച്ച ഉടൻതന്നെ കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രി, ഫയർസ്റ്റേഷൻ, പോലീസ് സ്റ്റേഷൻ, പെട്രോൾ പമ്പുകൾ... തുടങ്ങി വിവിധ പൊതുസ്ഥാപനങ്ങളിൽ സൗജന്യ മാസ്ക് വിതരണം നടത്തി.

കാഞ്ഞിരപ്പള്ളി രൂപതയിലെ വിവിധ അഗതിമന്ദിരങ്ങളിൽ അരി, പയർ, പഞ്ചസാര തുടങ്ങിയ പലവ്യഞ്ജനസാധനങ്ങളും പച്ചക്കറി കിറ്റുകളും മൂന്നുഘട്ടങ്ങളിലായി വിതരണം ചെയ്തു. കത്തോലിക്കാ കോൺഗ്രസിന്റെ 102-ാം ജന്മവാർഷികദിനത്തിലും പച്ചക്കറി കിറ്റുകൾ വിതരണം നടത്തുകയും വിവിധ യൂണിറ്റുകളിൽ ഫലവൃക്ഷത്തൈകൾ നടുകയും ചെയ്തു. കൂടാതെ കറിവേപ്പ്, ആര്യവേപ്പ് തുടങ്ങിയ ഔഷധസസ്യങ്ങളുടെ തൈകൾ വിതരണം ചെയ്തു. വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ പലവ്യഞ്ജനകിറ്റുകൾ വിതരണം നടത്തി.

ഏപ്രിൽ മാസത്തിൽ എല്ലാ ദിവസവും രാത്രി 8 മുതൽ 8.15 വരെ ഓൺലൈൻ ക്വിസ്മത്സരം നടത്തി. ഓരോ ദിവസവും വ്യത്യസ്ത വിഷയങ്ങളെ ആസ്പദമാക്കിയുള്ള ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയത്. വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ ലോക്ക്ഡൗണിനുശേഷം നൽകും.

കുട്ടികൾക്കായി ബൈബിൾ പാരായണമത്സരം, ബൈബിൾ പകർത്തിയെഴുതൽ, ചിത്രരചനാമത്സരം എന്നിവ നടത്തി. ദുഃഖവെള്ളിയാഴ്ച ഭവനങ്ങളിൽ പാനവായനയും കുരിശിന്റെ വഴിയും നടത്തി. കൊഴുക്കട്ട ശനി ആചരണത്തിന്റെ ഭാഗമായി അംഗങ്ങളുടെ ഭവനങ്ങളിൽ കൊഴുക്കട്ട ഉണ്ടാക്കി.

അംഗങ്ങൾക്കായി വായനാദിനാചരണം നടത്തി. അന്നേദിവസം അംഗങ്ങൾ ദിനപ്പത്രങ്ങളും നോവലുൾപ്പെടെ വിവിധ ഗ്രന്ഥങ്ങളും പാരായണം ചെയ്യുന്നതിനായി വിനിയോഗിച്ചു.

ഏപ്രിൽ മാസത്തിലെ ഒരു ദിവസം അംഗങ്ങൾ സ്വന്തം ഇടവകയെക്കുറിച്ചുള്ള ഒരു ലഘുവിവരണം കത്തോലിക്ക കോൺഗ്രസിന്റെ വാട്സ് ആപ്പ് ഗ്രൂപ്പിൽ നൽകി. അടുത്തദിവസം രൂപതാഭാരവാഹികളുടെ ബയോഡേറ്റാ വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ നൽകി. അതിലൂടെ അംഗങ്ങൾക്ക് വിവിധ ഇടവകകളെക്കുറിച്ചും ഭാരവാഹികളെക്കുറിച്ചും കൂടുതലായി പരസ്പരം അറിയുവാൻ സാധിച്ചു.

സിവിൽസപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ റേഷൻ

കടകളിൽ വിതരണം ചെയ്യുന്നതിനുള്ള കിറ്റുകൾ തയ്യാറാക്കിയ സന്നദ്ധപ്രവർത്തകർക്ക് വിഷുദിനത്തിൽ കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് സ്കൂളിൽ വച്ച് ഉച്ചഭക്ഷണം തയ്യാറാക്കി നൽകി. കാഞ്ഞിരപ്പള്ളി എം.എൽ.എ., ഡോ. എൻ. ജയരാജ് പരിപാടിയിൽ പങ്കെടുത്തു. കോവിഡ് കാലത്ത് ജനോപകാരപ്രദമായ വിവിധ പ്രോഗ്രാമുകൾ നടത്തിയ കത്തോലിക്കാ കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപതാസമിതിയുടെ പ്രവർത്തനങ്ങളെ എം.എൽ.എ. ശ്ലാഘിച്ചു.

**നഴ്സസ് ദിനാചരണം**

ആതുരശുശ്രൂഷാരംഗത്ത് സേവനമനുഷ്ഠിക്കുന്ന നഴ്സുമാർക്ക് ലോകനഴ്സിംഗ് ദിനമായ മെയ് 12 ന് കത്തോലിക്ക കോൺഗ്രസ് രൂപതാസമിതി ആദരവ് അർപ്പിച്ചു. കാഞ്ഞിരപ്പള്ളി രൂപതയുടെ കീഴിലുള്ള സ്ഥാപനമായ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ രൂപതാ ഡയറക്ടറുടെ നേതൃത്വത്തിൽ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ജനറൽ സെക്രട്ടറി റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാക്കുന്നേൽ എന്നിവർ സന്ദർശനം നടത്തി. നഴ്സിംഗ് ദിനാശംസകൾ അർപ്പിച്ച് മധുരപലഹാരങ്ങൾ വിതരണം ചെയ്തു.

കപ്പാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ യൂണിറ്റ് പ്രസിഡന്റ് ജോബി തെക്കുംചേരിക്കുന്നേലിന്റെ നേതൃത്വത്തിൽ കാളകെട്ടി അസ്സീസി ആശുപത്രിയിലെ നഴ്സുമാർക്ക് ആദരവ് അർപ്പിച്ച്, മധുരപലഹാരവിതരണം നടത്തി.

രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ, ലോക്ഡൗൺകാലത്ത് അംഗങ്ങൾ വീടുകളിൽ തയ്യാറാക്കിയ Home made products വിൽക്കുന്നതിന് വാട്സ് ആപ്പിൽ ക്രമീകരണം ഏർപ്പെടുത്തി. ഇതനുസരിച്ച് തേൻ, പച്ചക്കറികൾ, ഉണക്കക്കപ്പ ഉൾപ്പെടെയുള്ള കാർഷികവിഭവങ്ങൾ, ചക്കയുടെ ഉല്പന്നങ്ങളായ ഉണങ്ങിയ ചക്ക, ചക്കപ്പൊടി, ഏത്തപ്പഴം ഉണങ്ങിയവ അംഗങ്ങൾക്ക് ന്യായമായ വിലയ്ക്ക് വിൽക്കുന്നതിന് സാധിച്ചു.

## പ്രവാസി സെൽ രൂപീകരിച്ചു

കോവിഡ് രോഗവ്യാപനത്തെത്തുടർന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടുങ്ങിക്കിടക്കുന്ന മലയാളികൾക്ക് സഹായമെത്തിക്കുന്നതിന് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി ആരംഭിച്ച പ്രവാസിസെൽ കാഞ്ഞിരപ്പള്ളി രൂപതാ സമിതിയുടെ നേതൃത്വത്തിൽ രൂപീകരിച്ചു. ചികിത്സയ്ക്കും മറ്റു അടിയന്തര സഹായങ്ങൾക്കുമായി akccmail2012@gmail.com എന്ന ഇമെയിലിൽ പേര് രജിസ്റ്റർ ചെയ്യുകയോ ഭാരവാഹികളുടെ ഫോൺനമ്പരുകളിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്. രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി, പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ജനറൽ സെക്രട്ടറി റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, ഗ്ലോബൽ സമിതിയംഗങ്ങളായ സെലിൻ സിജോ, ജെയിംസ് പെരുമാക്കുന്നേൽ, ജോജോ തെക്കുംചേരിക്കുന്നേൽ എന്നിവർ നേതൃത്വം നൽകും.

## രൂപതാ സമിതിയോഗങ്ങൾ

സർക്കാരിന്റെ ലോക്ക്ഡൗൺ നിബന്ധനകൾ പാലിച്ചുകൊണ്ട് ഏപ്രിൽ 26 നും മേയ് 16 നും രൂപതാ സമിതിയുടെ ഓൺലൈൻ വാട്സ് ആപ്പ് യോഗങ്ങൾ നടത്തുകയുണ്ടായി. 16.05.2020 ൽ നടത്തിയ രൂപതാസമിതി യോഗത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത് സന്ദേശം നൽകിയ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി ജനറൽ സെക്രട്ടറി അഡ്വ. ടോണി പുഞ്ചക്കുന്നേലിന് രൂപതാസമിതിയുടെ അഭിനന്ദനങ്ങൾ. കാഞ്ഞിരപ്പള്ളി, പത്തനംതിട്ട, റാന്നി, വെളിച്ചിയാനി ഫൊറോനസമിതികളുടെ ഓൺലൈൻ മീറ്റിംഗുകളും നടത്തി. കത്തോലിക്കകോൺഗ്രസ് ഹെൽപ്പ് ഡസ്ക് വാട്സ് ആപ്പ് രൂപതാ സമിതി യോഗം 19.05.2020 ൽ നടത്തി. കോ-ഓർഡിനേറ്റേഴ്സായ സോണി ജോർജ് കോഴിമല, സിനി ജിബു നീറനാക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.

കത്തോലിക്കാ കോൺഗ്രസിലെ 15 അംഗങ്ങൾ ചേർന്ന് ആലപിച്ച കോവിഡ് സാന്ത്വനഗാനസമർപ്പണം റിലീസ് ചെയ്തു. കത്തോ

ലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം ആമുഖസന്ദേശം നൽകി. പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്ക് അഭിനന്ദനങ്ങൾ.

**മീഡിയ സെന്റർ**

ലോക്ക്ഡൗൺ വിലക്കുകൾ നിലവിലിരുന്നതിനാൽ രൂപതാ, ഫൊറോന, യൂണിറ്റ് തലങ്ങളിൽ നടത്തിയ പ്രോഗ്രാമുകളും, അറിയിപ്പുകളും ക്രോഡീകരിച്ച് വാട്ട്സ് ആപ്പ് വഴി അംഗങ്ങൾക്ക് എത്തിക്കുന്നതിനായി രൂപതാസമിതി ഒരു മീഡിയ സെന്ററിന് രൂപം നൽകി. വളരെ ഭംഗിയായി മീഡിയ സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ പ്രോഗ്രാം കോ-ഓർഡിനേറ്റർ ജെയിംസ് പെരുമാക്കുന്നേൽ, കോ-ഓർഡിനേറ്റർ മനോജ് മറ്റമുണ്ടയിൽ, മീഡിയ സെക്രട്ടറി പി. എം. ജോസഫ് പണ്ടാരക്കളം, അംഗങ്ങൾ ജോബി തെക്കുംചേരിക്കുന്നേൽ, ഷാജി പുതിയാപറമ്പിൽ എന്നിവർക്ക് അഭിനന്ദനങ്ങൾ.

**സൂം കോൺഫറൻസുകൾ**

കോവിഡ് - 19 ലോക്ക്ഡൗൺ കാലഘട്ടത്തിൽ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി "Post Covid Impacts and Solutions" എന്ന ടൈറ്റിലിൽ നാല് സൂം കോൺഫറൻസുകൾ നടത്തി. മെയ് 23-ന് നടത്തിയ 'സമഗ്ര കാർഷിക വികസനം' എന്ന വെബിനാറിൽ മുഴുവൻ സമയവും പങ്കെടുക്കുകയും വളരെ അർത്ഥവത്തായ സമാപന സന്ദേശം നൽകുകയും ചെയ്ത കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന് കത്തോലിക്ക കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപതാസമിതിയുടെ നന്ദി അറിയിക്കുന്നു.

**ഫാ. മാത്യു പാലക്കുടി**
**ഡയറക്ടർ**

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**കോവിഡ്-19 സഹായഹസ്തവുമായി മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ**

കോവിഡ്-19 എന്ന മഹാമാരിയെ ചെറുക്കാൻ രാപ്പകൽ കഷ്ടപ്പെടുന്ന പോലീസിന് സഹായവുമായി കാഞ്ഞിരപ്പള്ളി രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ. മാസ്ക്ക്, സാനിറ്റൈസർ, ഹാൻഡ് വാഷ്, ഗ്ലൗസ് തുടങ്ങിയവ പെരുവന്താനം പോലീസ് സ്റ്റേഷനിൽ എത്തി ഹോസ്പിറ്റൽ ഡയക്ടർ ഫാ. സോജി കന്നാലിൽ, സി.ഐ. ഷൈൻ കുമാറിന് കൈമാറി. ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ ഫാ. ദീപു പുത്തൻപുരക്കൽ, പി.ആർ.ഒ. സുബിൻ മാത്യു എന്നിവർ സന്നിഹിതരായിരുന്നു.

കോവിഡ്-19 ആരംഭം മുതൽ വിവിധ പ്രവർത്തനങ്ങൾ എം.എം.റ്റി. ഹോസ്പിറ്റൽ നടത്തിവരുന്നു. വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും ഹോസ്പിറ്റലിൽ വരുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും കൈകഴുകുന്നതിനും ഹാൻഡ് സാനിറ്റൈസർ ഉപയോഗിക്കുന്നതിനുമുള്ള സൗകര്യവും ചെയ്തു കൊടുക്കുന്നു.

**പൈനാപ്പിൾ കർഷകർക്ക് സഹായവുമായി എം.എം.റ്റി. ആശുപത്രി**

കോവിഡ്-19 മൂലം പൈനാപ്പിൾ വിപണനം നടത്താൻ കഴിയാത്ത പൈനാപ്പിൾ കർഷകരെ സഹായിക്കുന്നതിനായി കൃഷി ഭവൻ വഴി വാങ്ങിയ പൈനാപ്പിൾ, ക്രമസമാധാനവും വാഹനപ

തിശോധനയും നടത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്കും ആരോഗ്യവകുപ്പ് ജീവനക്കാർക്കുമാണ് എം.എം.റ്റി.യും രൂപതയിലെ വൈദികരും കൈമാറിയത്. പെരുവന്താനം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.ടി. ബിനു ഉദ്ഘാടനം നിർവ്വഹിച്ചു. ആശുപത്രി ഡയക്ടർ ഫാ. സോജി കന്നാലിൽ, അഡ്മിനിസ്ട്രേറ്റർ ഫാ. ദീപു പുത്തൻപുരക്കൽ, ഫാ. ജോസഫ് കല്ലൂപറമ്പത്ത്, ഫാ. ഫിലിപ്പ് മണിമലക്കുന്നേൽ, ഫാ. ജയിംസ് കൊല്ലംപറമ്പിൽ, ഫാ. തോമസ് കപ്പിയാങ്കൽ, ഫാ. തോമസ് വലിയകുന്നത്ത്, പി.ആർ.ഒ. സുബിൻ മാത്യു, ടിറ്റു എന്നിവർ സന്നിഹിതരായിരുന്നു.

**നേഴ്സസ് ദിനാചരണം**

ലോക നേഴ്സസ് ദിനത്തോടനുബന്ധിച്ച് രൂപതയിലെ വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ നേഴ്സസ് ദിനാചരണം മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ നടത്തപ്പെട്ടു. നേഴ്സസ് ദിനത്തോടനുബന്ധിച്ച് കാഞ്ഞിരപ്പള്ളി രൂപത എ.കെ. സി.സി.യുടെ ആഭിമുഖ്യത്തിൽ രൂപതാഡയറക്ടർ ബഹുമാനപ്പെട്ട മനോജ് പാലക്കുടിയച്ചനും രൂപതാസമിതി അംഗങ്ങളും എം.എം. റ്റി. ഹോസ്പിറ്റലിൽ എത്തി നേഴ്സസിനെ അനുമോദിച്ചു.

കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ എം.എം.റ്റി. ഹോസ്പിറ്റലിലെ നേഴ്സസിനെ ആദരിച്ചു. രൂപതാ ഡയറക്ടർ വർഗ്ഗീസ് കൊച്ചുപുരക്കലും രൂപതാ സമിതി അംഗങ്ങളും സന്നിഹിതരായിരുന്നു.

മുണ്ടക്കയം ഫൊറോന എസ്.എം.വൈ.എം. അംഗങ്ങൾ ഫൊറോന ഡയറക്ടർ ഫാ. ലിബിൻ കാലാക്കൽ അച്ചന്റെയൊപ്പം ഹോസ്പിറ്റലിൽ എത്തി നേഴ്സസിനെ ആദരിച്ചു.

കാഞ്ഞിരപ്പള്ളി ഫൊറോനയുടെ NEK FM - ൽ എം.എം.റ്റി. ഹോസ്പിറ്റൽ നേഴ്സസ്, നേഴ്സസ് ദിനസന്ദേശം കൈമാറി.

## നവീകരിച്ച കാർഡിയോളജി വിഭാഗത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു

എം.എം.റ്റി. ഹോസ്പിറ്റലിൽ നവീകരിച്ച കാർഡിയോളജി വിഭാഗത്തിന്റെ വെഞ്ചരിപ്പുകർമ്മം 2020 മേയ് 22-ന് രാവിലെ 7 മണിക്ക് വികാരി ജനറാൾ വെരി റവ. ഫാ. ബോബി മണ്ണംപ്ലാക്കലിന്റെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. ഹോസ്പിറ്റൽ ഡയറക്ടർ ഫാ. സോജി കന്നാലിൽ, അഡ്മിനിസ്ട്രേറ്റർ ഫാ. ദീപു പുത്തൻപുരക്കൽ, ഫാ. സെബാസ്റ്റ്യൻ ചിറ്റപ്പനാട്ട് എന്നിവർ സന്നിഹിതരായിരുന്നു. കാർഡിയോളജിസ്റ്റ് ഡോ. ജയിംസ് തോമസിന്റെ സേവനം എല്ലാ വെള്ളിയാഴ്ച ദിവസങ്ങളിലും ഉച്ചക്കുശേഷം ഹോസ്പിറ്റലിൽ ലഭ്യമാണ്. ECHO, TMT തുടങ്ങിയ പരിശോധനയും ഹോസ്പിറ്റലിൽ ലഭിക്കുന്നതാണ്.

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

# ഡി.സി.എം.എസ്.

- കാഞ്ഞിരപ്പള്ളി രൂപത ഡി.സി.എം.എസ്. രൂപതാസമിതിയുടെയും സംസ്ഥാന എക്സിക്യൂട്ടീവിന്റെയും സംയുക്താഭിമുഖ്യത്തിൽ K.C.B.C SC/ST, BC കമ്മീഷന്റെ അംഗീകാരത്തോടെ ഒരു പ്രബന്ധരചന മത്സരം നടത്തി.

- കോവിഡ് 19 കാലഘട്ടത്തിൽ മേയ് 19-ാം തീയതി എല്ലാ ഡി.സി.എം.എസ്. എക്സിക്യൂട്ടീവ് അംഗങ്ങൾക്കും സൗജന്യമായി അരി നല്കുകയുണ്ടായി.

- ഡി.സി.എം.എസ്. രൂപതകമ്മിറ്റിയുടെ നേതൃത്വത്തിൽ ഡി.സി.എം.എസ്. അംഗങ്ങളുടെ സഹകരണത്തോടെ കോവിഡ് കാലത്ത് സമ്പൂർണ്ണ ബൈബിൾ കൈയ്യെഴുത്ത് പ്രതി ഒരുക്കുന്നു.

- കാഞ്ഞിരപ്പള്ളി രൂപത ഡി.സി.എം.എസ്. അംഗങ്ങൾക്കുവേണ്ടി പ്രബന്ധരചന മത്സരം നടത്തി.

**ഫാ. ജോസുകുട്ടി ഇടത്തിനകം**
**ഡയറക്ടർ**



# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അൽമായ സഭ വലിയ നോമ്പുകാലത്ത് എല്ലാ ഭാതൃത്വങ്ങളും ഒത്തുകൂടി നടത്തിവരാറുള്ള സ്ലീവാപാത ഈ വർഷത്തെ പ്രത്യേകസാഹചര്യത്തിൽ നടത്തുവാൻ സാധിക്കാതെ വന്നപ്പോൾ സർക്കാർ നിബന്ധനകൾ പാലിച്ചുകൊണ്ട് എല്ലാ അംഗങ്ങളും അവരവരുടെ ഭവനങ്ങളിൽ കുടുംബാംഗങ്ങളോടൊത്ത് സ്ലീവാപാത നടത്തുവാനും ഓരോ ഭാതൃത്വങ്ങളും നിശ്ചിതസമയത്ത് നടത്തുന്നത് നല്ലതാണെന്നും രൂപതാ നേതൃത്വം തീരുമാനിച്ചു. ഇപ്രകാരം എല്ലാ അംഗങ്ങളും അവരവരുടെ ഭവനങ്ങളിൽ ഭാതൃത്വം നിശ്ചയിച്ച സമയങ്ങളിൽ സ്ലീവാപാത നടത്തി.

ഇപ്പോഴത്തെ സാഹചര്യത്തിൽ വേദനിക്കുന്നവർക്കും, ത്യാഗങ്ങൾ സഹിച്ച് പ്രവർത്തിക്കുന്ന സഹകാരികൾക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ഇടവകകളിൽ ദുരിതം അനുഭവിക്കുന്നവരേയും വൃദ്ധരായി വീടുകളിൽ താമസിക്കുന്ന പരസഹായം ആവശ്യമുള്ളവരേയും കണ്ടുപിടിച്ച് ഓരോരുത്തർക്കും അർഹമായ സഹായങ്ങൾ എത്തിക്കുവാൻ എല്ലാ ഭാതൃത്വ അംഗങ്ങളും കൂട്ടായി പ്രവർത്തിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

ഫ്രാൻസിസ്കൻ അൽമായ സഭയുടെ ദ്വിമാസ പ്രതിനിധിസമ്മേളനം സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസരിച്ചുമാത്രമായിരിക്കും കൂടുന്നത് എന്നും അറിയിച്ചുകൊള്ളുന്നു.

സെക്രട്ടറി



# വിൻസെൻഷ്യൻ വേദി

കഴിഞ്ഞ രണ്ടുമാസമായി ലോകമാസകലം ഭീതി പരത്തുന്ന കൊവിഡ് 19 എന്ന വൈറസ് മൂലം ലക്ഷക്കണക്കിന് ആളുകൾ മരിക്കുകയും, അതിലേറെപ്പേർ ഈ മഹാമാരി മൂലം ദുരിതമുഭവിക്കുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ ഈ ദുരന്തത്തിൽ നിന്നും നമ്മെയും ലോകം മുഴുവനെയും രക്ഷിക്കണമെ എന്ന് സർവ്വശക്തനായ ദൈവത്തോട് നമ്മുടെ സ്വർഗീയ മദ്ധ്യസ്ഥരായ വി.വിൻസെന്റ് ഡി പോളിന്റെയും വാഴ്ത്തപ്പെട്ട ഫെഡറിക്ക് ഓസാനാമിന്റെയും കൊണ്ടാർഡോ ഫെറീനിയുടെയും മാദ്ധ്യസ്ഥം അപേക്ഷിച്ച് പ്രാർത്ഥിക്കാം.

നേരത്തെ അറിയിച്ചിരുന്നതുപോലെ, കോൺഫ്രൻസുകളുടെ 2019-20 വർഷത്തെ വാർഷിക റിപ്പോർട്ടും കണക്കുകളും തയ്യാറാക്കി വയ്ക്കേണ്ടതാണ്. അറിയിക്കുന്ന മുറയ്ക്ക് എസികളിൽ എത്തിച്ചാൽ മതിയാകും. അതുപോലെ തന്നെ കോൺഫ്രൻസുകൾ 2020-21 സാമ്പത്തിക വർഷത്തെ കണക്കുകളും മറ്റ് അനുബന്ധ രേഖകളും ഈ വർഷം സിസിയിൽ നിന്ന് തന്നിരിക്കുന്ന ബുക്കുകളിൽ തന്നെ എഴുതേണ്ടതാണെന്ന് ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും സംശയമോ ബുദ്ധിമുട്ടോ ഉണ്ടായാൽ അതത് എസിയുമായോ, സിസിയുമായോ ബന്ധപ്പെട്ട് സംശയനിവാരണം നടത്തി മാത്രമെ എഴുതാവു എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. യാതൊരു കാരണവശാലും പഴയ രജിസ്റ്ററുകൾ ഒന്നും തന്നെ ഉപയോഗിക്കരുത്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ കോൺഫ്രൻസുകൾ കൂടുന്നതിനോ ഭവനസന്ദർശനം നടത്തുന്നതിനോ സാധിക്കുകയില്ലെങ്കിലും, നമ്മുടെ ദത്തുകുടുംബങ്ങൾക്കുള്ള സഹായവും മറ്റ് അടിയന്തിരമായി ചെയ്യേണ്ട ചികിത്സാ സഹായവും

മുടക്കം വരാതെ ചെയ്യുവാൻ നാം ബാദ്ധ്യസ്ഥരാണെന്ന് അറിയാമല്ലോ. ഇക്കാര്യത്തിൽ എല്ലാ കോൺഫ്രൻസുകളും ശ്രദ്ധിക്കേണ്ടതാണ്.

നിലവിലെ കോവിഡ് പശ്ചാത്തലത്തിൽ ഏപ്രിൽ 16-ന് നടത്തേണ്ടിയിരുന്ന സിസി മീറ്റിംഗ് മറ്റൊരവസരത്തിലേക്ക് മാറ്റി വച്ചിരിക്കുന്നു. തീയതി പിന്നീട് അറിയിക്കുന്നതാണ്.

ഓസാനാം വിദ്യാഭവന്റെ പ്രവർത്തനം 8-ാം വർഷത്തേക്കു പ്രവേശിച്ചിരിക്കുകയാണ്. വിദ്യാഭവന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് സഹായിച്ച എല്ലാവരെയും സെൻട്രൽ കൗൺസിൽ പ്രത്യേകം നന്ദി അറിയിക്കുന്നു. 2020-21 അദ്ധ്യയന വർഷം വിദ്യാഭവനിലേയ്ക്ക് 1 മുതൽ 5വരെ ക്ലാസുകളിൽ പ്രവേശനത്തിന് അർഹതയുള്ള, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും മറ്റു സാഹചര്യങ്ങളാൽ വീട്ടിൽ നിന്ന് പഠിക്കാൻ സാധിക്കാത്തവരുമായ കത്തോലിക്കാ ആൺകുട്ടികളെയാണ് പ്രവേശനത്തിന് പരിഗണിക്കുന്നത്. കോൺഫ്രൻസുകൾക്ക് അവരുടെ ഇടവകയിൽ അർഹതയുള്ള കുട്ടികളുണ്ടെങ്കിൽ ഇടവക വികാരിയുടെ ശിപാർശ സഹിതം കഴിവതും നേരത്തെ സിസി മുഖേന അപേക്ഷ നൽകേണ്ടതാണ്.

കപ്പാട് ഹോളി ക്രോസ് കോൺഫ്രൻസിലെ സജീവാംഗവും സെക്രട്ടറിയുമായിരുന്ന ബ്ര.പി.വി. തോമസ് പതിപ്പള്ളിൽ (കുഞ്ഞ്) വാഹനാപകടത്തെത്തുടർന്ന് 26.4.2019-ന് നിര്യാതനായി. പരേതന്റെ ആത്മശാന്തിക്കായി നമുക്കു പ്രാർത്ഥിക്കാം. സന്തപ്ത കുടുംബാംഗങ്ങളെ സെൻട്രൽ കൗൺസിലിന്റെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

സെക്രട്ടറി

# വിമല പബ്ലിക്കേഷൻസ്

VIMALA BOOKS

## പുത്തൻ പുസ്തകങ്ങൾ

**1. വിചാരണ ചെയ്യപ്പെടുന്ന വിശ്വാസം?**
**: ഡോ. തോമസ് പൂവത്താനിക്കുന്നേൽ**

പേജ്:/120 വില:/80 പതിപ്പ്:1

കോവിഡ്-19 എന്ന മഹാമാരിയുടെ പിടിയിൽ ലോകരാജ്യങ്ങൾ അകപ്പെട്ട് നിൽക്കുമ്പോൾ കാലം നൽകുന്ന സൂചനകളും അടയാളങ്ങളും നാം കാണാതെ പോകരുത്. "ആർക്കു ജോലി ചെയ്യാൻ കഴിയാത്ത രാത്രി വരുന്നു" (യോഹ 9:4) എന്ന തിരുവചനത്തിന്റെ പൊരുൾ കുറെയെങ്കിലും ഈ നാളുകൾ നമുക്ക് മനസ്സിലാക്കിത്തരുന്നു.

